# എ. അയ്യപ്പന്റെ കവിതകൾ

## ഒരു മനഃശാസ്ത്ര സമീപനം

കാലിക്കറ്റ് സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ വിഭാഗം ബി. എ.
മലയാളം ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി
സമർപ്പിക്കുന്ന പ്രോജക്റ്റ്


(പേര്)
രജി. നമ്പർ. 0000
ബി.എ. മലയാളം



വിദൂര വിദ്യാഭ്യാസ വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
2017

## സത്യവാചകം

ഞാൻ, (പേര്) കാലിക്കറ്റ് സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ മലയാള ബിരുദ പഠനത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി സമർപ്പിക്കുന്ന എ. അയ്യപ്പന്റെ കവിതകൾ ഒരു മനശ്ശാസ്ത്ര സമീപനം എന്ന ഈ പ്രോജക്റ്റ് ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

(ഒപ്പ്)

(പേര്)

രജി. നമ്പർ. 00000

(സ്ഥലം)

00–03–2017

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 1–2 |
| അദ്ധ്യായം 1 | 3–10 |
| ഫ്രോയിഡിന്റെ മനഃശാസ്ത്രവും മലയാളത്തിലെ മനഃശാസ്ത്ര നിരൂപകരും | |
| അദ്ധ്യായം 2 | 11–17 |
| മനോവ്യാപാരങ്ങൾ അയ്യപ്പന്റെ കവിതയിലും ജീവിതത്തിലും | |
| അദ്ധ്യായം 3 | 18–28 |
| അയ്യപ്പന്റെ കവിതകൾ ഒരു മനഃശാസ്ത്ര സമീപനം | |
| നിഗമനങ്ങൾ | 29–30 |
| അനുബന്ധം | 31 |
| ഗ്രന്ഥസൂചി | |

**ആമുഖം**

ആധുനിക മലയാള കവിതയുടെ സർഗ്ഗ നിയമങ്ങൾക്കുള്ളിൽ നിർത്താവുന്ന കവിയല്ല എ. അയ്യപ്പൻ. ആധുനികത സാഹിത്യത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയ കാലത്താണ് അയ്യപ്പൻ തന്റെ കവിതകളുമായി രംഗപ്രവേശനം ചെയ്തത്. എന്നാൽ ആധുനികതയുടെ സ്വഭാവ സവിശേഷതകൾക്ക് അപ്പുറത്തായിരുന്നു അയ്യപ്പൻ കവിതകൾക്ക് സ്ഥാനം. ആധുനികതയ്ക്ക് ശേഷം വന്ന ഉത്തരാധുനിക കാലത്തും അയ്യപ്പൻ കവിതകൾക്ക് വലിയ രൂപാന്തരമുണ്ടായില്ല ഇതിനർത്ഥം എല്ലാക്കാലത്തും അയ്യപ്പൻ കവിത വളരെ വ്യത്യസ്തമായ രൂപവും ഭാവവും പുലർത്തി എന്നാണ്. അയുക്തികവും ശിഥിലവുമായ ബിംബങ്ങളാൽ സമൃദ്ധമാണ് അയ്യപ്പന്റെ കവിതകൾ. കവിയുടെയും കാവ്യത്തിന്റെയും മന:ശാസ്ത്ര തലത്തിൽ നിന്ന് പഠിക്കുമ്പോഴല്ലാതെ പഠനത്തിന് വഴങ്ങാതെ ഈ കവിതകൾ ഒഴിഞ്ഞുനിൽക്കുന്നതു കാണാം. അയ്യപ്പന്റെ കവിതകൾ ഭൂരിഭാഗവും ഗദ്യസ്വഭാവം പുലർത്തുന്നവയാണ്. അവയിൽ ദു:ഖവും ആനന്ദവും നന്മയും തിന്മയും ജീവിതവും മരണവും ഇങ്ങനെയുള്ള വിപരീത ഭാവങ്ങൾ സമ്മേളിക്കുന്നു. കവിമനസ്സിൽ സംഭവിക്കുന്ന വിപരീത ഭാവങ്ങളുടെ സമരത്തിന്റെ പ്രതിഫലനമാണ് കവിതയിലും കടന്നു വരുന്നത്. മന:ശാസ്ത്രപരമായ സമീപനത്തിൽ കൂടി മാത്രമേ പ്രത്യക്ഷത്തിൽ വിരുദ്ധമെന്ന് തോന്നുന്ന ഇത്തരം ഭാവങ്ങളെ അപഗ്രഥിക്കുക സാധ്യമാകുകയുള്ളു.

സാഹിത്യ സിദ്ധാന്തങ്ങളും അലങ്കാരാദികളും ഉപയോഗിച്ച് വിലയിരുത്തുമ്പോൾ അയ്യപ്പൻ കവിതയുടെ സ്വത്വത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിക്കാറില്ല. ജീവിതം കൊണ്ടു തൊടുന്നതെല്ലാം അദ്ദേഹം കവിതകൊണ്ടും തൊടുന്നു. ഫാന്റസിയുടെ മേഖലയിലേക്കും കവിത പലപ്പോഴും കടന്നു ചെല്ലുന്നു. വിരുദ്ധമായ മാനസിക ഭാവങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെടുന്ന അയ്യപ്പന്റെ കവിതകളെ മന:ശാസ്ത്രപരമായി വേണം സമീപിക്കാൻ എന്ന തിരിച്ചറിവാണ് ഈ പഠനത്തിനാധാരം. അതുവഴി അയ്യപ്പന്റെ കവിതകളിൽ ചാർത്തപ്പെട്ടിട്ടുള്ള ദുർഗ്രാഹ്യത, സംവേദനവിഘ്നത തുടങ്ങിയ ആരോപണങ്ങളിൽ നിന്ന് മുക്തമാണ് അയ്യപ്പൻ കവിതകൾ എന്ന് തെളിയിക്കുക കൂടിയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**പഠനരീതി**

വിശകലന രീതിയാണ് ഈ പഠനത്തിന് പ്രധാനമായും സ്വീകരിക്കുന്നത്. തിരഞ്ഞെ

ടുത്ത കവിതകളുടെ സൂക്ഷ്മതലവിശകലനവും മന:ശാസ്ത്ര സിദ്ധാന്തങ്ങളിലധിഷ്ഠിതമായ സമീപനവുമാണ് കവിതാ പഠനത്തിന് ഉപയോഗിക്കുന്നത്. ഇതിനായി എ. അയ്യപ്പന്റെ മാളമില്ലാത്ത പാമ്പ്, ഈശാവാസ്യം, കറുപ്പ്, ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ, മലക്കിൽ മഞ്ഞുപെയ്യുന്നു എന്നീ കവിതകളാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആനുഷംഗികമായി എ. അയ്യപ്പന്റെ മറ്റു കവിതകളും പരാമർശിക്കേണ്ടി വന്നിട്ടുണ്ട്.

**പൂർവ്വ പഠനങ്ങൾ**

എ. അയ്യപ്പന്റെ കവിതകളെ മന:ശാസ്ത്രപരമായി സമീപിക്കുന്ന പൂർവ്വ പഠനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല എന്നാൽ അയ്യപ്പൻ കവിതയിലെ ബിംബങ്ങളെക്കുറിച്ച് 'അയ്യപ്പൻ കവിതകളിലെ ബിംബങ്ങൾ' 2006 എന്ന പേരിൽ സബിത പിയുടെ ഒരു ബിരുദാനന്തര ബിരുദ പ്രബന്ധം (കാലിക്കറ്റ് സർവ്വകലാശാല) ഉണ്ട്. പെൻബുക്സ് പ്രസിദ്ധീകരിച്ച മുറിവേറ്റ ശീർഷകങ്ങളിൽ (2000) അഭിമുഖങ്ങളും കുറിപ്പുകളും പഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പടയാളി സമയം ഓണപ്പതിപ്പ് (2008)ലെ അഭിമുഖം തുടങ്ങി പല ആഴ്ച പ്പതിപ്പുകളിലും അയ്യപ്പന്റെ കവിതാപുസ്തകങ്ങളിലുമായി അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'വചനമാകുന്ന മാംസം' എന്ന ഇ. വി. രാമകൃഷ്ണന്റെ പഠനവും 'സ്വപ്നത്തിന്റെ മണ്ണ്' എന്ന സച്ചിദാനന്ദന്റെ പഠനവും ശ്രദ്ധേയമായ പൂർവ്വപഠനങ്ങളാണ്. ഇങ്ങനെ അയ്യപ്പന്റെ കവിതയെക്കുറിച്ച് ഒട്ടേറെ ലേഖനങ്ങളും പഠനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മന:ശാസ്ത്രത്തിലൂന്നിയ പഠനങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല.

**പ്രബന്ധ സ്വരൂപം**

ഈ പ്രബന്ധം ആമുഖം ഉപസംഹാരം എന്നിവ കൂടാതെ മൂന്ന് അധ്യായങ്ങളായാണ് തിരിച്ചിരിക്കുന്നത്. 'ഫ്രോയ്ഡിന്റെ മന:ശാസ്ത്രവും മലയാളത്തിലെ മന:ശാസ്ത്ര നിരൂപകരും' എന്ന ഒന്നാം അദ്ധ്യാത്തിൽ മന:ശാസ്ത്രത്തിന്റെ ചരിത്രത്തെ സ്പർശിക്കുകയും സിഗ്മണ്ട് ഫ്രോയ്ഡിന്റെ മന:ശാസ്ത്രസിദ്ധാന്തങ്ങളെ വിശകലനം ചെയ്യുകയും ചെയ്യുന്നതോടൊപ്പം മലയാളത്തിലെ പ്രധാന മന:ശാസ്ത്ര നിരൂപകരെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. 'മനോവ്യാപാരങ്ങൾ അയ്യപ്പന്റെ കവിതയിലും ജീവിതത്തിലും' എന്ന രണ്ടാം അദ്ധ്യായത്തിൽ അയ്യപ്പൻ എന്ന കവിയുടെ മനസ്സിൽ സംഭവിക്കുന്ന, കവിതയുമായി ബന്ധപ്പെട്ട കാര്യങ്ങളെ വിശകലനം ചെയ്യുകയാണ്. അയ്യപ്പന്റെ കാവ്യലോകത്തിന്റെ പ്രത്യേകതയും ഈ അധ്യായത്തിൽ പൊതുവായി അന്വേഷിക്കുന്നു.

'എ. അയ്യപ്പന്റെ കവിതകൾ ഒരു മന:ശാസ്ത്ര സമീപനം' എന്ന മൂന്നാം അധ്യായത്തിൽ തിരഞ്ഞെടുത്ത കവിതകളായ ഈശാവാസ്യം, കറുപ്പ്, ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ, എന്നീ കവിതകളുടെ വിശദ പഠനമാണ്. അതിനുശേഷം നിഗമനങ്ങളും അനുബന്ധമായി എ. അയ്യപ്പന്റെ കൃതികളും കൊടുത്തിട്ടുണ്ട്.

## അദ്ധ്യായം 1

## ഫ്രോയിഡിന്റെ മനഃശാസ്ത്രവും മലയാളത്തിലെ മനഃശാസ്ത്ര നിരൂപകരും

കവിതയുടെ ആസ്വാദനത്തിൽ പുതിയ കാലത്ത് ഒട്ടേറെ മാറ്റങ്ങൾ വന്നു കഴിഞ്ഞു. സാഹിത്യ രംഗത്ത് പ്രത്യേകിച്ച് കവിതയിൽ വ്യത്യസ്ത ഭാവുകത്വം പുലർത്തുന്ന കവികളും കവിതകളുമുണ്ടായി അവയുടെ ആന്തരികതയെ സ്പർശിക്കുക എന്നത് വളരെ കഠിനാനുഭവമായി പലപ്പോഴും മാറി. സങ്കീർണ്ണമായ ഒരു കാലഘട്ടത്തിലൂടെ എഴുത്തുകാരൻ കടന്നുപോകുന്നതിന്റെ ഫലമായി അയാളുടെ രചനയ്ക്ക് സങ്കീർണ്ണമായ അനുഭവതലങ്ങളുണ്ടായി ഈ അനുഭവതലങ്ങളെ വേണ്ടത്ര വിവേചിച്ച് ആസ്വദിക്കാൻ വായനക്കാരന് പരിമിതികളുണ്ട്. കവി സൃഷ്ടിക്കുന്ന വാക്കുകളുടെ അർത്ഥരൂപങ്ങളെയും ഔചിത്യത്തെയും മനസ്സിലാക്കിവേണം വായനയിലൂടെ ആസ്വാദനം സാധ്യമാകേണ്ടത്, ഇപ്രകാരം എഴുത്തുകാരന്റെ ഹൃദയത്തെ, ഹൃദയവിചാരങ്ങളെ കണ്ടെത്തി ആസ്വാദനം പുതിയതലത്തിലേക്ക് എത്തിക്കാനും കൂടുതൽ ഗൗരവമുള്ളതാക്കാനും മന:ശാസ്ത്ര നിരൂപണത്തിന് കഴിയുന്നു.

ആധുനിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും പലതരത്തിൽ മന:ശാസ്ത്രം ഉപയോഗപ്പെടുന്നു. ബി.സി. 6–ാം നൂറ്റാണ്ടു മുതലേ വികസിച്ച ഗ്രീക്ക് തത്വചിന്തയുടെയും വൈദ്യശാസ്ത്രത്തിന്റെയും ചരിത്രവുമായി മന:ശാസ്ത്രം ബന്ധപ്പെടുന്നു. എന്നാൽ പാശ്ചാത്യ തത്വചിന്തയ്ക്കും മന:ശാസ്ത്രത്തെ ഒരു വിജ്ഞാന ശാഖയാക്കി വളർത്തിയതിൽ പങ്കുണ്ട്. പുരാതന കാലം മുതൽ ലോകം മുഴുവൻ എന്താണ് മനസ്സ് അതെവിടെ സ്ഥിതി ചെയ്യുന്നു എന്നതിനെക്കുറിച്ച് ഒട്ടേറെ അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട് ഇതായിരിക്കണം മന:ശാസ്ത്രത്തെ കുറിച്ചുള്ള പഠനം ആരംഭിക്കാൻ കാരണം. ക്രിസ്തുവിന് മുൻപ് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹിപ്പോക്രാറ്റസിന്റെ തത്വചിന്തയോളം പഴക്കം മനസ്സ് എന്ത് എന്ന അന്വേഷണത്തിനുണ്ട്.

ഫ്രോയിഡ് തന്റെ സിദ്ധാന്തങ്ങളിൽ പറയുന്ന അബോധമനസ്സ് എന്ന സങ്കല്പത്തിലൂന്നിയ വീക്ഷണത്തിലാണ് സാമൂഹിക മന:ശാസ്ത്രം പിൽക്കാലത്ത് വികസിക്കുന്നത്. എന്നാൽ ഇപ്പോഴും എന്താണ് മനസ്സ് എന്ന് നിർവ്വചിക്കാൻ പ്രയാസമായതു പോലെ മന:ശാസ്ത്രത്തിനും സർവ്വ സ്വീകാര്യമായ ഒരു നിർവ്വചനം ഇല്ല. 'സബോധമായ ജീവനേയും ചേഷ്ടയേയും അവയുടെ ഉത്ഭവത്തിലും വികാസത്തിലും പ്രകാശനങ്ങളിലുമായി പഠിക്കുകയും ശാസ്ത്രജ്ഞൻ വ്യാപൃതനായിരിക്കുന്ന പ്രത്യേക മണ്ഡലത്തിൽ ലഭ്യവും പ്രയോജ്യവുമായ പ്രവർത്തന രീതികൾ വിനിയോഗിക്കുകയും ചെയ്യുന്ന

ജീവശാസ്ത്രശാഖയാണ് മന:ശാസ്ത്രം. വ്യക്തികളെ ഒറ്റയ്ക്കും കൂട്ടായും പരാമർശിച്ചു കൊണ്ട് ജീവിസ്വഭാവമുള്ള ചേഷ്ടയെ പഠിക്കുന്ന ശാസ്ത്രം എന്ന് മറ്റൊരു രീതിയിൽ പറയാം'[1].

## I.I ആധുനികയുഗവും മന:ശാസ്ത്രവും

1879–ൽ വില്ല്യംവൂൺട് ജർമ്മനിയിലെ ലിപ്സിഗിൽ സ്ഥാപിച്ച പരീക്ഷണശാലയാണ് മന:ശാസ്ത്രത്തെ പരീക്ഷണാത്മക ശാസ്ത്രപദവിയിലേക്കുയർത്തിയത്. തുടർന്നു വരുന്ന കാലഘട്ടത്തിൽ പാവ്ലോവ് ബി. എഫ് സ്കിന്നർ എന്നീ മന:ശാസ്ത്രജ്ഞർ മികച്ച സംഭാവനകളാണ് ആധുനിക മന:ശാസ്ത്രത്തിന് നൽകിയത്. ആതുപോലെ വില്ല്യം ജെയിംസിന്റെ ബോധസ്ഥിതികളുടെ വിവരണവും വിശദീകരണവും ഉൾകൊള്ളുന്ന പഠനങ്ങൾ മന:ശാസ്ത്രത്തിന്റെ സമഗ്രവികസനത്തിന് കാരണമായിട്ടുണ്ട്. എസ്. വേർഡ്. ബിടിച്ചനർ (1876 – 1927) മന:ശാസ്ത്രം ജീവശാസ്ത്രത്തെപ്പോലെ ഘടനയെക്കുറിച്ചുള്ള പഠനവും വൃത്തിയെ കുറിച്ചുള്ളപഠനവും ഉൾക്കൊള്ളുന്നതായി വാദിക്കുന്നു.

മുകളിൽ പ്രസ്താവിച്ച വിവിധ ആശയങ്ങൾ പ്രകാരം മനുഷ്യചരിത്രത്തിന്റെ വികാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ആധുനിക മന:ശാസ്ത്രം പ്രസക്തമാകുന്നു, വിദ്യാഭ്യാസ, സേവന രംഗങ്ങളിൽ മാത്രമല്ല ഒട്ടുമിക്ക സാമൂഹ്യസാമ്പത്തിക മേഖലകളിലും മന:ശാസ്ത്രത്തിന്റെ വിപുലമോ സൂക്ഷ്മമോ ആയ ഉപയോഗം കാണാം. മാനേജ്മെന്റ് സ്വഭാവമുള്ള നയങ്ങളും തിയറികളും മന:ശാസ്ത്രത്തിലധിഷ്ഠിതമാണ്.

## I.II സിഗ്മണ്ട് ഫ്രോയ്ഡ്: വ്യക്തി, ജീവിതം (1856–1939)

മനോരോഗ വിദഗ്ദനും ആധുനിക മന:ശാസ്ത്രത്തിന്റെ സ്ഥാപകനുമായ സിഗ്മണ്ട് ഫ്രോയിഡാണ് ആധുനിക മന:ശാസ്ത്രത്തെ ശാസ്ത്രീയ പഠന മേഖലയാക്കി വളർത്തിയത്. ഇന്നത്തെ ചെക്ക് റിപ്പബ്ലിക്കിന്റെ ഭാഗമായ ഓസ്ട്രിയൻ സാമ്രാജ്യത്തിലെ മൊറാവിയയിൽ ആണ് ഫ്രോയ്ഡ് ജനിച്ചത്. തതത്വശാസ്ത്രത്തിൽ കാറൽ മാർക്സും ശാസ്ത്രത്തിൽ ഐൻസ്റ്റിനും ജൈവശാസ്ത്രത്തിൽ ചാൾസ് ഡാർവിനും സൃഷ്ടിച്ച നവോത്ഥാനത്തിനു സമാനമായ മന:ശാസ്ത്രനവോത്ഥാനം ഫ്രോയ്ഡിയൻ തിയറി ഉണ്ടാക്കി.

നിഗൂഡമെന്ന് കരുതപ്പെട്ട മാനസികാനുഭൂതികളെയും അനുഭവങ്ങളെയും സ്വപ്നങ്ങളെയും സർവ്വോപരി ലൈംഗികവികാരജന്യമായ മാനസിക പ്രതിഭാസങ്ങളെയും പ്രണയ–രതി തരംഗങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്തതുവഴി ഫ്രോയ്ഡ് ആധുനിക ലോകത്തിന് മഹത്തായ വഴികളാണ് തുറന്ന് കൊടുത്തത്. മന:ശാസ്ത്രം വികസിക്കുന്നതിനുമുമ്പേ എല്ലാവിധ മാനസിക രോഗങ്ങളേയും ശാരീരികമായാണ് ഫ്രോയ്ഡിന്റെ സമകാലികരായ വൈദ്യൻമാർ കരുതിയിരുന്നത്. ശാരീരികമായ ചികിത്സകൾകൊണ്ട്

ഭേദമാകാത്ത രോഗങ്ങളെ ഫ്രോയ്ഡ് മാനസികമെന്ന് തിരിച്ചറിഞ്ഞതും മന:ശാസ്ത്രസങ്കേതങ്ങൾ ചികിത്സയ്ക്ക് ഉപയോഗപ്പെടുത്തിയതും സഹപ്രവർത്തകരുടെ നിഷേധത്തിനിടയാക്കി. എന്നാൽ പിൽക്കാലത്ത് അദ്ദേഹം വിശദമായി മന:ശാസ്ത്രത്തിന്റെ വിവിധ മേഖലകൾ പഠിക്കുകയും മാനസിക ചികിത്സക്കും സാഹിത്യാദികലാദികളുടെ വളർച്ചയ്ക്കും വേണ്ടി അവയെ ഉപയോഗിക്കുകയും ചെയ്തു.

മന:ശാസ്ത്ര ചികിത്സ (Psychopathology) മനോവിശകലനം (Psychoanalysis) ശൈശവരതിവിജ്ഞാനീയം (Child Sexology) ലൈംഗിക വികാരജന്യമായ പ്രണയം (Libidinal love) സ്വപ്നങ്ങളുടെ വ്യാഖ്യാനം (Interpretation of Dreams) തുടങ്ങിയ മേഖലകളിൽ ഫ്രോയിഡ് സൃഷ്ടിച്ച സിദ്ധാന്തങ്ങൾ വിപ്ലവകരങ്ങളായിരുന്നു. ലോകം അതുവരെ കോൾക്കാതിരുന്ന രതിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ അക്കാലത്ത് ഒട്ടേറെ വിമർശനങ്ങൾക്ക് കാരണമായി. പിൽക്കാലത്ത് രാഷ്ട്രീയം സാമൂഹികം, വിദ്യാഭ്യാസം, കല, സാഹിത്യം എന്നീ മേഖലകളെ പരിപോഷിപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്ക് സാധിച്ചു.

ഫ്രോയിഡ് ആവിഷ്ക്കരിച്ച മനോചികിത്സാ രീതിയുടെ നവീന രൂപമാണ് ആധുനിക മന:ശാസ്ത്ര ചികിത്സയിൽ ഉപയോഗിക്കുന്നത്. ക്ലാസിക്കൽ സൈക്കോ അനാലിസിസ് (Classical Psycho analysis) എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം അറിയപ്പെടുന്നത്. സംസാരചികിത്സ (Talking cure) എന്ന ചികിത്സാരീതി ആവിഷ്കരിക്കുകയും അതുവഴി രോഗം നിർണ്ണയിക്കുന്നരീതി കണ്ടെത്തുകയും ചെയ്തത് ഫ്രോയിഡിന്റെ നേട്ടങ്ങളിൽ പ്രധാനപ്പെട്ടതാണ് ഈ ആധുനിക കാലഘട്ടത്തിലും ഈ രീതിയുടെ പുതിയ രൂപം ചികിത്സാരംഗത്ത് ഉപയോഗിച്ചു വരുന്നു.

ഫ്രോയ്ഡിന്റെ വിവിധ രംഗങ്ങളിലുള്ള പ്രതിഭയിലേക്ക് വെളിച്ചം വീശുന്നതാണ് അദ്ദേഹത്തിന്റെ സാഹിത്യാദി കലകളിലുള്ള താല്പര്യം. മന:ശാസ്ത്രവിദഗ്ദൻ, വൈദ്യൻ എന്നീ നിലകളിൽ മാത്രമല്ല അദ്ദേഹത്തന്റെ പ്രവർത്തനങ്ങളിൽ 1930ൽ സാഹിത്യത്തിനുള്ള ഗോയ്ഥേ പുരസ്കാരം നേടി അദ്ദേഹം അത് തെളിയിക്കുകയും ചെയ്തു. മതങ്ങളെക്കുറിച്ചും നാടോടിക്കഥകളെക്കുറിച്ചും മിത്തുകളെക്കുറിച്ചും പഠിക്കുകയും അവയിലെ ആന്തരിക പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നതിൽ അദ്ദേഹം തല്പരനായിരുന്നു.

## I.VIII സാഹിത്യവിമർശനത്തിന്റെ അടയാളപ്പെടുത്തലുകൾ

സാഹിത്യകാരൻ സൃഷ്ടിച്ച കൃതിയുടെ അകവും പുറവും പരിശോധിച്ച് സവിഷേഷതകൾ കണ്ടെത്തി മൂല്യത്തെ പ്രഖ്യാപിക്കുന്ന ക്രിയാത്മകവും ബുദ്ധിപരവുമായ പ്രവർത്തനമാണ് സാഹിത്യ വിമർശനം. ആധുനിക സാഹിത്യവിമർശനം ഇതരവിജ്ഞാനശാഖകളായ മന:ശാസ്ത്രത്തെയും രാഷ്ട്രതന്ത്രത്തെയും നരവംശശാസ്ത്ര

ത്തെയും ഉപയോഗിക്കുന്നുണ്ട്. സ്വപ്നാപഗ്രഥനത്തെയും സാഹിത്യത്തെയും പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള ഫ്രോയ്ഡിന്റെ നിരീക്ഷണമാണ് മാനസികാപഗ്രഥനാത്മക സാഹിത്യ വിമർശനത്തിന് തുടക്കം കുറിച്ചത്. എന്നാൽ മാനസികാപഗ്രഥന രീതി യഥാർത്ഥത്തിൽ ഫ്രോയ്ഡിന് മുമ്പേ അവ്യക്തമായ രീതിയിൽ നിലനിന്നിരുന്നു. പ്ലാറ്റോ യുടെ കവിയെക്കുറിച്ചും കവിതയെകുറിച്ചുമുള്ള നിരീക്ഷണങ്ങൾ മാനസികാപഗ്രഥന ത്തിന് അദ്ദേഹത്തിന്റെ കാലത്തോളം പഴക്കമുണ്ടെന്ന കാര്യം തെളിയിക്കുന്നു. കവി കൾക്ക് മനസ്സിന്റെ സമനിലതെറ്റുമ്പോഴാണ് കവിത ജനിക്കുന്നത്. അവരുടെ എഴുത്ത് ഉന്മാദത്തിന്റെ സൃഷ്ടിയാണ്. ഭ്രാന്തമായ കവിയുടെ ജല്പനങ്ങളിൽ യാഥാർത്ഥ്യത്തിന് സ്ഥാനമില്ല അതുകൊണ്ട് തന്നെ അവർ എഴുതുന്നതിൽ സത്യമില്ല. പ്ലാറ്റോയുടെ ഈ ദർശനവുമായി ഫ്രോയ്ഡിന്റെ മാനസികാപഗ്രഥനത്തിന് ബന്ധമുണ്ട്. മാനസികാപഗ്ര ഥനത്തിന് നാല് രീതികളാണ് ഉപയോഗിക്കുന്നത്.

1. 'സാഹിത്യ കൃതികളുടെ അടിസ്ഥാനത്തിൽ കർത്താവിന്റെ മനോനിലകളുടെ വിശകലനം
2. സാഹിത്യകൃതിയിലെ ഉള്ളടക്കത്തിന്റെ മനോവിജ്ഞാനീയാധിഷ്ഠിതമായ പഠനം.
3. സാഹിത്യ കൃതികളെ പൊതുവേ എടുത്ത് മന:ശാസ്ത്രാധിഷ്ടിതമായി അവയെ വിശ കലനം ചെയ്യുക.
4. സാഹിത്യാസ്വാദനവുമായി ബന്ധപ്പെട്ട് അനുവാചകനിലുളവാകുന്ന മാനസിക പരി h À ¯ \ § f p s S a \ :1 m k ¥X m [ n j ¶ n X ] T \ w '[2].

വില്ല്യം ജെൻസന്റെ ഗ്രാഡിവ, ഷേക്സ്പിയറിന്റെ ഹാംലെറ്റ്, മൈക്കലാഞ്ചലോയുടെ ശില്പങ്ങൾ ഡാവിഞ്ചിയെക്കുറിച്ചുള്ള പഠനങ്ങൾ തുടങ്ങിയവ ഇതിൽ ആദ്യത്തെ രണ്ട് മാനസികാപഗ്രഥന രീതിയ്ക്ക് ഉദാഹരണങ്ങളാണ്. വളരെ പ്രാധാന്യം ലഭിച്ചിട്ടുള്ള രണ്ട് അപഗ്രഥനരീതികളാണ് ഇവ. മാനസികാപഗ്രഥനം എല്ലായ്പ്പോഴും വ്യക്തി മന സ്സിനെ കേന്ദ്രീകരിച്ചുള്ളതാണ്. മാനസികാപഗ്രഥനസാഹിത്യ വിമർശനമാണെങ്കിൽ സാഹിത്യകാരനെയും കേന്ദ്രീകരിക്കുന്നു. ജീവിതത്തിലെ അടഞ്ഞതോ അടച്ചുവയ്ക്കാൻ ശ്രമിച്ചതോ ആയ ഇടങ്ങളെ മാനസികാപഗ്രഥനം പുറത്ത് കൊണ്ടുവരുന്നു. ഓരോ വ്യക്തിയുടെയും കവിയുടെയും പ്രത്യേകമാനസികാവസ്ഥകൾ അപഗ്രഥനവിധേയമാ ക്കേണ്ടതാണ്. എല്ലാ കലാസൃഷ്ടികളുടെയും ഒന്നിലധികം ഉദ്ദേശ്യങ്ങളിൽ നിന്നും കവി കളുടെ ഒന്നിലധികം മാനസികാവേഗങ്ങളിൽനിന്നും രൂപം കൊണ്ടവയാണെന്നും ഗ്രഹി ക്കാനാവും അതുകൊണ്ടുതന്നെ അവ ഒന്നിലേറെ വ്യാഖ്യാനങ്ങൾക്ക് വഴിപ്പെടുകയും ചെയ്യുമെന്ന് ഫ്രോയ്ഡ് പറയുന്നു[3]. കൃതിയുടെയും കർത്താവിന്റെയും ആന്തരികമായ സമീപനങ്ങളെയും വേഗങ്ങളെയും ചികിത്സാപരമായ നിരീക്ഷണത്തിന് വിധേയമാക്ക ലാണ് ഫ്രോയ്ഡ് മാനസികാപഗ്രഥനം കൊണ്ട് സാധിച്ചിരുന്നത്.

## I. IX മന:ശാസ്ത്രവിമർശനം മലയാളത്തിൽ

മലയാള മന:ശാസ്ത്രനിരൂപണശാഖയ്ക്ക് ഹ്രസ്വകാലചരിത്രം മാത്രമേയുള്ളു എന്നു മാത്രമല്ല ഈ രംഗത്ത് വലിയ പുരോഗതിയോ മറ്റു രംഗങ്ങളെപ്പോലെ കനത്ത സംഭാവ നകളോ ഇല്ലെന്നു തന്നെ പറയാം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് മന:ശാസ്ത്രം ഉപയോഗിക്കാൻ തുടങ്ങിയത്. പ്രധാനമായും കലാകാരന്റെ അബോധപ്ര വർത്തനങ്ങളും കലാസൃഷ്ടിയിലെ അന്ത:പ്രേരണകളും ആണ് മലയാള മന:ശാസ്ത്ര നിരൂപണം അന്വേഷിച്ചിട്ടുള്ളത്. മനസ്സിന്റെ രോഗാവസ്ഥയും അരോഗാവസ്ഥയും പ്രവർത്തനങ്ങളെ ബാധിക്കും എന്ന ഫ്രോയ്ഡിന്റെ നിഗമനം കൂടുതലായി മലയാള മന:ശാസ്ത്ര നിരൂപണത്തിൽ കാണാം. കേസരി ബാലകൃഷ്ണപ്പിള്ളയാണ് മലയാളിക്ക് ഫ്രോയ്ഡിന്റെ തത്വങ്ങളെ ആദ്യമായി പരിചയപ്പെടുത്തിയത്. ഫ്രോയ്ഡിന്റെ തത്വങ്ങളു പയോഗിച്ച് അദ്ദേഹം പാശ്ചാത്യനോവലുകളെ അപഗ്രഥിച്ചു എന്നാൽ മലയാളകൃതിക ളെയൊന്നും അപഗ്രഥിച്ചു പഠിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല.

## I. X എ. ബാലകൃഷ്ണപ്പിള്ള (കേസരി 1889–1960)

ഒരു നവലോകത്തിനു വേണ്ടി തന്റെ നിലപാടുകൾ വ്യക്തമാക്കിയ അഥവാ നില നിന്നിരുന്ന വഴിയിൽ നിന്ന് മാറി സഞ്ചരിച്ച് നവീന നിരൂപണത്തിന് പുതിയ വഴി സൃഷ്ടിച്ച നിരൂപകനായിരുന്നു കേസരി. നവീന കൃതികളെയും നിരൂപണ പദ്ധതിക ളേയും അദ്ദേഹംസ്വീകരിച്ചു. ധീരമായ നിലപാടുകളിലൂടെ പാശ്ചാത്യ ദർശനങ്ങളെ മലായളസാഹിത്യത്തിൽ കൊണ്ടു വരണമെന്ന് ആഗ്രഹിച്ചു. മന:ശാസ്ത്രനിരൂപകൻ എന്ന് അദ്ദേഹത്തെ വിളിക്കുന്നതിനേക്കാൾ മന:ശാത്രതത്വങ്ങളെ മലയാളത്തിന് പിരച യപ്പെടുത്തിയ പണ്ഡിതൻ എന്ന നിലയിലാണ് കേസരി പ്രസക്തനാകുന്നത്. തന്റെ പഠനങ്ങളിൽ മനസ്സിന്റെ തലങ്ങളെയും ജന്മവാസനകളെയും ദമനത്തെയും ലൈഗി കോർജ്ജത്തെയും കേസരി വിശകലത്തിന് വിധേയമാക്കുന്നു. മറ്റുവിജ്ഞാനശാഖക ളായ തത്വചിന്ത, ചരിത്രം, പുരാവസ്തുശാസ്ത്രം, ജ്യോതിഷം, ലൈംഗിക ശാസ്ത്രം, മന:ശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളെ സാഹിത്യപഠനത്തിന്റെ മേഖലയിലേക്ക് കൊണ്ടുവരാനും സാഹിത്യത്തെ അതുമായി ചേർത്തു പഠിക്കാനും കേസരി ശ്രമിച്ചു. പുരോഗമനാശയങ്ങളോട് താല്പര്യം കാണിക്കുമ്പോഴും ഫ്രോയ്ഡിയൻ തിയറിയോട് അദ്ദേഹത്തിന് അപാരമായ ആത്മബന്ധമുണ്ടായിരുന്നു. 'ഒരു കലാകാരന്റെ സൃഷ്ടികാ ണുമ്പോഴോ കൃതി വായിക്കുമ്പോഴോ ഉണ്ടാകുന്ന രസത്തിന്റെ വൈകാരികമായ സൗന്ദ ര്യാത്മകതയുടെ ഉല്പത്തിയേയും കാരണങ്ങളേയും പറ്റി പല വാദങ്ങളും പാശ്ചാത്യ രുടെ ഇടയ്ക്ക് പ്രചരിക്കുന്നുണ്ട്. എല്ലാറ്റിലും വച്ച് ഇന്നത്തെ കേരളീയർക്ക് രസകര മായി തോന്നേണ്ടത് ഫ്രോയ്ഡിന്റെ മാനസിക അപഗ്രഥനവാദമാണ്'[3] എന്ന് കലയും കാമവും എന്ന ലേഖനത്തിൽ അദ്ദേഹം പറയുന്നു. 'ഇന്നത്തെ കല ഏറിയ കൂറും കണ്ണു

കൊണ്ട് കാണാവുന്നവയെയല്ല മനസ്സുകൊണ്ട് അനുഭവിക്കാവുന്നവയെയാണ് അതിന്റെ വിഷയമാക്കിയിരിക്കുന്നത്. ആധുനിക കവി ഈ ലോകം അയാളിൽ ജനിപ്പിക്കുന്ന ആവിഷ്ക്കാരങ്ങളിൽ മാത്രമേ ശ്രദ്ധപതിപ്പിക്കുന്നുള്ളു കല ആത്മാവിന്റെ ആവിഷ്ക്കാരമാകുന്നു'[4]. എന്നും അദ്ദേഹം സ്ഥാപിച്ചു.

## I. XI എം. പി. ശങ്കുണ്ണിനായർ

സംസ്കൃത കാവ്യ പാരമ്പര്യത്തിൽ അവഗാഹവും അപഗ്രഥനപാടവവും ഉറച്ച പാണ്ഡിത്യവും എം. പി. ശങ്കുണ്ണിനായരുടെ മുഖമുദ്രകളായിരുന്നു ഛത്രവുംചാമരവും, നാടകീയാനുഭവം എന്ന രസം എന്നീ കൃതികൾ അദ്ദേഹത്തിന്റെ വിമർശനപ്രതിഭയുടെ തെളിവുകളാണ്. കണ്ണീർപ്പാടത്തെ ഫ്രോയ്ഡിയൻ തിയറി ഉപയോഗിച്ചു പഠിച്ചു കൊണ്ട് അദ്ദേഹം ഈ രംഗത്ത് പ്രശസ്തനാവുന്നത്. കണ്ണീർപ്പാടത്തെക്കുറിച്ചുള്ള പഠനത്തിൽ സ്നേഹത്തിന്റെയും വെറുപ്പിന്റെയും വിപരീതദ്വന്ദങ്ങളിൽപ്പെടുന്ന ദാമ്പത്യത്തെ പുനർവായനയ്ക്ക് വിധേയമാക്കാനും അത് വിജയകരമാക്കാനും അദ്ദേഹത്തിനുകഴിഞ്ഞു.

മന:ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ച് ശങ്കുണ്ണിനായർക്ക് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നെങ്കിലും തന്റെ പാണ്ഡിത്യം ഉപയോഗിച്ച് മന:ശാസ്ത്രനിരൂപണശാഖ വികസിപ്പിക്കാനോ മികച്ച നിരൂപണ ഗ്രന്ഥങ്ങളുടെ രചനയ്ക്കോ അദ്ദേഹം തയ്യാറായില്ല. വ്യക്തമായ മന:ശാസ്ത്ര കാഴ്ചപ്പാടുകൾ അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങൾ പുലർത്തിയിരുന്നെങ്കിലും പിന്നീട് അദ്ദേഹം പാരമ്പര്യവിമർശനരീതിയിലേക്ക് തിരിച്ചുപോകുകയാണുണ്ടായത്. അതുകൊണ്ടുതന്നെ മന:ശാസ്ത്രത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിൽ കാണാൻ സാധിക്കാതെയായി. കണ്ണീർപ്പാടത്തെ മന:ശാസ്ത്രത്തിന്റെ അപാരസാധ്യതകൾ ഉപയോഗിച്ച് നിരൂപിച്ച ശങ്കുണ്ണിനായർക്ക് മറ്റു നിരൂപണങ്ങളിൽ അത്തരത്തിലുള്ള മികവ് നിലനിർത്താൻ സാധിച്ചില്ല.

## I. XII എം. ലീലാവതി – (1929 ജനനം)

ആദിപ്രരൂപങ്ങൾ മലയാള സാഹിത്യത്തിൽ ഒരു പഠനം എന്ന ഗ്രന്ഥത്തിലൂടെ യുങ്ങിന്റെ സിദ്ധാന്തങ്ങളെ ആധാരമാക്കി മികച്ച മന:ശാസ്ത്ര പഠനമാണ് ലീലാവതി തയ്യാറാക്കിയത്. യുങ്ങിന്റെ ആദിപ്രരൂപാധിഷ്ഠിത വിമർശനസ്വഭാവം വ്യക്തമായും ഈ കൃതിയിൽ തെളിഞ്ഞു കാണുന്നു. ലീലാവതിയുടെ വിമർശനങ്ങളിൽ പൗരസ്ത്യപാശ്ചാത്യമീമാംസകളെ സൂക്ഷ്മമായി പഠിക്കാൻ ശ്രമിച്ചതിന്റെ വ്യക്തതകാണാം. നവതരംഗം എന്ന കൃതിയിൽ മലയാളകവിതയെ യുങ്ങിന്റെ തിയറി ഉപയോഗിച്ചു തന്നെയാണ് അവർ പഠിച്ചിരിക്കുന്നത്. മലയാള കവിതയിലെ ശാസ്ത്രമനോഭാവം അന്വേഷിക്കുന്ന കൃതിയാണ് കവിതയും ശാസ്ത്രവും. ജി. ശങ്കരക്കുറിപ്പ്, വൈലോപ്പിള്ളി, ഇടശ്ശേരി, എൻ. വി. കൃഷ്ണവാരിയർ, ബാലാമണിയമ്മ തുടങ്ങിയ കവികളുടെ പുരാവൃത്തത

ലങ്ങൾ മനസ്സിലാക്കാൻ ലീലാവതിയുടെ പഠനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ കാവിലെപ്പാട്ട്, പൂതപ്പാട്ട് തുടങ്ങിയ കൃതികളിലൂടെ സമൂഹമനസ്സിൽ ഉറങ്ങിക്കിടക്കുന്ന മാതൃബിംബമായി പ്രാകൃതമാതൃദേവതാബിംബത്തെ ലീലാവതി കണ്ടെടുക്കുന്നു.

ഇപ്രകാരം മന:ശാസ്ത്രത്തെ തന്റെ നിരൂപണങ്ങളിൽ ലീലാവതി ഉപയോഗിക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ആ നിരൂപണങ്ങൾ മന:ശാസ്ത്രാധിഷ്ഠിതമല്ല. ആദിബിംബങ്ങൾ സൃഷ്ടിക്കുന്ന ബോധവ്യാപാരത്തിന്റെ തലങ്ങളെ വ്യക്തമായി അത് പഠിക്കുന്നുണ്ടെങ്കിലും മനുഷ്യമനസ്സിന്റെ ആഴങ്ങളിൽ സംഭവിക്കുന്നതിനെ കണ്ടെത്താനും അതിന്റെ സംഘർഷങ്ങളെ വ്യക്തമാക്കാനും ലീലാവതിക്ക് കഴിയുന്നില്ല. സൂഷ്മമായ വിശകലനം മന:ശാസ്ത്രത്തിന്റെ എല്ലാമേഖലയിലും പ്രയോഗിക്കാൻ സാധിക്കാത്തതും അവരുടെ വീഴ്ചയാണ്. എങ്കിലും യുങ്ങിന്റെ ദർശനങ്ങളെ മലയാളിക്ക് പരിചയപ്പെടുത്തി എന്നതിലും ഈ രംഗത്ത് തന്റേതായ സംഭാവനകൾ നൽകി എന്നതിനാലും ലീലാവതി മലയാള മന:ശാസ്ത്രരംഗത്ത് എടുത്തു പറയേണ്ട വ്യക്തിത്വമാണ്.

### I. XIII എം. എൻ. വിജയൻ (1930–2007)

വിമർശനലോകത്ത് ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങളെ ഉപയോഗിച്ച് വിമർശനം നടത്തി തന്റേതായ സ്ഥാനം ഉറപ്പിച്ച വ്യക്തിത്വമായിരുന്നു വിജയന്റേത്. സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളിലും തന്റേതായ നിലപാടുകളിൽ വളർന്നുനിന്ന മനുഷ്യസ്നേഹത്തിലൂന്നിയ വ്യക്തിത്വം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. കൃതിയെ മാത്രമല്ല കർത്താവിനെയും മന:ശാസ്ത്രസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കുകയും വിശദീകരിക്കുകയും ചെയ്ത നിരൂപകനായിരുന്നു അദ്ദേഹം. മാമ്പഴത്തിന് അദ്ദേഹമെഴുതിയ മന:ശാസ്ത്രനിരൂപണം അക്കാലം വരെ നിലനിന്നിരുന്ന നിരൂപണത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. കവിയുടെയും കവിതയുടെയും അകംപൊരുൾ വിജയൻ സമർത്ഥിച്ചപ്പോൾ സ്തബ്ധരായിപ്പോയത് കവിതാ ആസ്വാദകർമാത്രമായിരുന്നില്ല, സാഹിത്യലോകം കൂടിയാണ്. ഈ നിരൂപണത്തിലൂടെ മലയാളിക്ക് അന്യമായ ഒരു നിരൂപണ രീതി അദ്ദേഹം പരിചയപ്പെടുത്തുകയായിരുന്നു. പിൽക്കാലത്ത് പക്ഷേ ആ പാത പിൻതുടർന്ന് വിരളമായ നിരൂപണ ഗ്രന്ഥങ്ങളേ രചിക്കപ്പെട്ടുള്ളൂ.

കവിയുടെ ആന്തരിക ലോകത്തെയഥാർത്ഥ വസ്തുതകൾ കണ്ടത്താനും അബോധത്തിലും ബോധത്തിലും കവിയിൽ മറഞ്ഞിരിക്കുന്നത് പുറത്തെടുത്ത് വായനക്കാരിലെത്തിക്കാനും വിജയന് കഴിഞ്ഞു. യുക്തിപൂർവ്വം അദ്ദേഹം ഫ്രോയ്ഡിന്റെ തിയറി ഉപയോഗിച്ച് കവിയെയും കവിതയെയും വിചാരണ ചെയ്തു. ഇതുതന്നെയാണ് വ്യക്തമായ വ്യത്യസ്തത വ്ജയന്റെ നിരൂപണങ്ങൾക്ക് സമ്മാനിച്ചത്.

സമകാലിക സാമൂഹ്യപ്രശ്നങ്ങളിലും സാഹിത്യ നിരൂപണത്തിലും നിർഭയമായി ഇടപെട്ട നിരൂപകനായിരുന്നു വിജയൻ. ആധുനിക കവിതയിലെ പാളിച്ചകളെ കുറിച്ചു

പറഞ്ഞതും അയ്യപ്പപണിക്കരുടെ കുരുക്ഷേത്രത്തെ വിമർശിച്ചതും ഇത്തരം ഇടപെടലുകൾക്ക് അടിവരയിടുന്നുണ്ട്. സ്വന്തം അഭിപ്രായം തുറന്നുപറയാനും വിമർശിക്കാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. എന്നാൽ അത് കവികളെ നിസ്സാരന്മാരായി ചിത്രീകരിക്കുന്നു എന്ന പ്രചാരണമാണ് ഉണ്ടാക്കിയത്. മലയാള മന:ശാസ്ത്ര നിരൂപണത്തിന് മികച്ച സംഭാവനകളാണ് ആ ധിഷണാശാലി സമർപ്പിച്ചു പോയത്.

## I. XIV നിത്യചൈതന്യയതി (1924–1999)

ഗുരു എന്ന വാക്കിനെ അർത്ഥവത്താക്കിയ വ്യക്തിത്വമായിരുന്നു യതിയുടേത് ഭാരതീയവും പാശ്ചാത്യവുമായ എല്ലാ മന:ശാസ്ത്ര ദർശനങ്ങളെയും പഠിക്കുകയും അതിന്റെ നാനാവശങ്ങളെക്കുറിച്ച് രചന നിർവ്വഹിക്കുകയും ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ നേട്ടം. ലോകത്തിന്റെ എല്ലായിടങ്ങളിലും മന:ശാസ്ത്രപരമായ അറിവുകളും തേടി അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. മറ്റുള്ളവരിൽ നിന്ന് കിട്ടിയതെല്ലാം ഇവിടെ എത്തിച്ചുതരാനും ഭാരതീയമായത് മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു. മലയാള മന:ശാസ്ത്രശാഖയ്ക്ക് മികച്ച കൃതികളിലൂടെ അദ്ദേഹം സ്മരണിയമായ സംഭാവനയാണ് നല്കിയത്.

യുങ്ങിനെയും ഫ്രോയ്ഡിനെയും ഒരു പോലെ പഠിച്ച യതി രണ്ടു തിയറികളും ഒരേ താല്പര്യത്തോടെയാണ് കണ്ടിരുന്നത്. ആശാന്റെ നളിനിയെ പഠിച്ചുകൊണ്ട് മലയാള മന:ശാസ്ത്രനിരൂപണരംഗത്തും അദ്ദേഹം ശ്രദ്ധേയനായി. സ്വപ്നം പോലുള്ള കൃതികളിലൂടെ ഫ്രോയ്ഡിയൻ ചിന്താഗതിയോടുള്ള താല്പര്യവും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്.

**കുറിപ്പുകൾ**

1. പി.പി. സത്യൻ, *സിഗ്മണ്ട് ഫ്രോയിഡ്: മനുഷ്യമനസ്സിനെ നിവർത്തിയിട്ട മഹാപ്രതിഭ, സൈക്കോ മാസിക, സെപ്തംബർ, 2008,* പുറം. 8
2. പ്രസീത പി., *ആധുനിക മന:ശാസ്ത്രവും എം. എൻ. വിജയനും എം. ഫിൽ പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല,* പുറം. 23
3. എ. ബാലകൃഷ്ണപ്പിള്ള, *കേസരിയുടെ ലോകങ്ങൾ, കേസരികൃതികളുടെ പ്രസിദ്ധീകരണ സമിതി, തലശ്ശേരി, 1989,* പുറം. 122
4. എ. ബാലകൃഷ്ണപ്പിള്ള, *കേസരിയുടെ ലോകങ്ങൾ, കേസരികൃതികളുടെ പ്രസിദ്ധീകരണ സമിതി, തലശ്ശേരി, 1989,* പുറം. 122

## അദ്ധ്യായം 2

## മനോവ്യാപാരങ്ങൾ അയ്യപ്പന്റെ കവിതയിലും ജീവിതത്തിലും

സർവ്വസന്നാഹങ്ങളോടെ ആധുനികത അസ്തിത്വദു:ഖത്തിന്റെ സൃഷ്ടികൾ ഉത്പാദിപ്പിച്ചിരുന്ന ഒരു കാലത്താണ് എ. അയ്യപ്പൻ തന്റെ കവിതയുമായി രംഗപ്രവേശനം ചെയ്തത്. എന്നാൽ ആധുനികതയുടെ സവിശേഷതകളായ ഭ്രമാത്മകതയോ ക്ഷോഭമോ ഒന്നും അയ്യപ്പൻകവിതകളിൽ കാണാൻ സാധിക്കുന്നില്ല. ഇത് തെളിയിക്കുന്നത് അയ്യപ്പൻ ആധുനികതയുടെ ഭൂമികയിൽ നിന്നുകൊണ്ട് കവിതകളെഴുതാൻ ശ്രമിച്ചിട്ടില്ല എന്നാണ്. അയ്യപ്പപണിക്കരും സച്ചിദാനന്ദനും ബാലചന്ദ്രൻ ചുള്ളിക്കാടുമെല്ലാം ആധുനികതയെ പഠിച്ച് പ്രതിഷ്ഠിച്ചവരും ആധുനികതയുടെ ദന്തഗോപുരങ്ങളിൽ പ്രതിഷ്ഠനേടിയവരുമായിരുന്നു. നോവലുകളിൽ പാശ്ചാത്യലോകത്തുനിന്ന് വന്നെത്തിയ ആധുനികസാഹിത്യസിദ്ധാന്തങ്ങൾ പ്രയോഗിക്കുകയും വിജയിക്കുകയും ചെയ്തതിന്റെ ആവേശത്തിലാണ് ഈ കവികൾ അവരുടെ കാവ്യലോകം ആധുനികതയുടെ സിദ്ധാന്തങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിയത്. അതുകൊണ്ടുതന്നെ കാലത്തിനനുസരിച്ച് അവർ വിജയിക്കുകയും ആധുനികതയുടെ കവികളായി വാഴ്ത്തപ്പെടുകയും ചെയ്തു. അവരുടെ രചനകൾക്ക് കൃത്യമായ ദിശാബോധമുണ്ടായിരുന്നു. അസ്തിത്വദു:ഖത്തിന്റെ ആകർഷണത്തിലായിരുന്നു അവരുടെ കാവ്യജീവിതം എന്നാൽ അയ്യപ്പന്റെ കവിതാ രചനയിൽ അത്തരം സിദ്ധാന്തങ്ങളെ ഉപയോഗിക്കുന്നതിനു പകരം മൗലികമായ ഒരു രീതി കവിതാരചനയിൽ കൊണ്ടുവന്നു അത് എല്ലാ അർത്ഥത്തിലും അതുവരെനിലനിന്നിരുന്ന കാവ്യരചനാ രീതികളിൽ നിന്നും വിഘടിച്ചു നിൽക്കുന്ന ഒന്നായിരുന്നു. 'മുമ്പ് എൻ. എൻ. കക്കാട്, ആർ. രാമചന്ദ്രൻ, നവരാഷ്ട്രീയ കവിതയിലെ ചിലർ എന്നിവർക്കുമാത്രമേ നിലനിൽക്കുന്ന കാവ്യപശ്ചാത്തലത്തിൽ നിന്നും ഇത്രയ്ക്ക്. ഒരു 'വിഘടനം' സാധ്യമായിട്ടുള്ളു'[1].

ഒ. എൻ. വി., ഇടശ്ശേരി, വൈലോപ്പിള്ളി തുടങ്ങിയ കവികളുടെ ആവിഷ്ക്കാരങ്ങളുടെ തലങ്ങളുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ പ്രകൃതിയുമായി ബന്ധപ്പെട്ടായാലും ജീവിതവുമായി ബന്ധപ്പെട്ടായാലും അയ്യപ്പന്റെ ആവിഷ്ക്കാരതലം വളരെ വ്യത്യസ്തമായാണ് അനുഭവപ്പെടുന്നത്.

ആധുനികതയെ തുടർന്ന് ഉത്തരാധുനിക കാലമെത്തിയപ്പോഴും പൊതുവെ കവിതയുടെ രൂപവും ഭാവവും മാറി അക്കാലത്തും സാധാരണ മനുഷ്യന്റെ വേദനകളെക്കുറിച്ചും നിസ്സഹായതയെകുറിച്ചും തന്റെ ചിത്രങ്ങൾ വരച്ചു കാട്ടുന്ന ചിത്രകാരനെപ്പോലെ അയ്യപ്പൻ കാവ്യരചന തുടർന്നു. കവിത്വമുള്ളവന്ന് സഹൃദയന്റെ മനസ്സിൽ എന്നും സ്ഥാനമുണ്ടായിരിക്കുമെന്നതിന്റെ തെളിവാണ് അയ്യപ്പൻ എന്ന കവി.

കാമുകന്റെയും ഭ്രാന്തന്റെയും മാനസികാവസ്ഥയുള്ള കവിയാണ് അയ്യപ്പൻ. ഭ്രാന്തമായ

അലച്ചിലും നഷ്ടപ്രണയങ്ങളുടെ വേദനയും അനുഭവിക്കുന്നു  അയ്യപ്പൻ എന്ന കവി. ഇത് ഭ്രാന്തമായ ഒരവസ്ഥ കവിയ്ക്ക് നൽകുന്നുണ്ട് മാത്രമല്ല സ്കിസോഫ്രീനിയ എന്ന മാനസിക രോഗത്തിന് അദ്ദേഹം ചികിത്സതേടിയിട്ടുണ്ട് ഇങ്ങനെ വസ്തുതാപരമായും കവി ഭ്രാന്തമായ ഒരവസ്ഥയിലാണ്.  അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ പല കവിതകളിലും അവ്യക്തത കാണാം.  ജീവിതത്തിൽ ഒട്ടേറെ മാനസിക പരിഷ്കരണങ്ങളിലൂടെ മുന്നേറിയ വ്യക്തിത്വമാണ് കവിയ്ക്കുള്ളത്.

അയ്യപ്പൻ എന്ന കവിയുടെ കവിതമാത്രമല്ല ജീവിതവും കവിതാമയമാണ്. ഡൽഹിയിലും നാട്ടിലും പത്രപ്രവർത്തകനായും പ്രൂഫ് റീഡറായും എഡിറ്ററായും പ്രവർത്തിച്ചു.  അക്ഷരം മാസികയുടെ എഡിറ്റിങ്ങിൽ നിന്ന് വിട്ടുപോയശേഷം എടുത്തു പറയാവുന്ന ജോലികളൊന്നും സ്വീകരിച്ചിട്ടില്ല.  ചിലപ്പോഴെല്ലാം പലരുടെയും പകർപ്പെഴുത്തകാരനായി പ്രവർത്തിച്ചിട്ടുണ്ട്.  ബാല്യത്തിൽ തന്നെ അച്ഛനമ്മമാരുടെ മരണം കവിയെ സഹോദരിയോടൊപ്പം ഇല്ലായ്മ നിറഞ്ഞ ജീവിതം നയിക്കാൻ പ്രേരിപ്പിച്ചു. ജീവപര്യന്തം കവിതയുടെ തടവറയിൽ കഴിയാൻ വേണ്ടിയാണ് അലഞ്ഞു തിരിയുന്നതെന്ന് കവിതന്നെ വ്യക്തമാക്കിയിട്ടുണ്ട്.  ജീവിതത്തിലെ അനുഭവങ്ങളെല്ലാം കവിതയിൽ ആവിഷ്കരിച്ചു.  സമകാലീന ദു:ഖികൾക്കും ജീവിതത്തിന്റെ കയ്പ്പ് രുചിക്കുന്നവർക്കും അയ്യപ്പൻ സ്വന്തം കവിതകൾ സമർപ്പിക്കുന്നു.  ഓരോ യാത്രയിലും കവിതയുടെ ലോകവും കവിതയുടെ ചിത്രങ്ങളും തെളിയുമെന്ന് കവിയുടെ അനുഭവം.  കയ്യിലുള്ളത് ധൂർത്തടിച്ചും ഇരന്നും പാപിയുടെ അന്നത്തിൽ പങ്കുപറ്റിയും ആണ് ആ ജീവിതം മുന്നോട്ടുപോകുന്നത്.  സ്വന്തമായി വീടില്ലാത്തതുകൊണ്ട് തെരുവിലും റെയിൽവേസ്റ്റഷനുകളിലും ചിലപ്പോൾ മദ്യപിച്ച് ലക്കുകെട്ടും അന്തിയുറങ്ങുന്നു.  ജീവിതം അധികം നീണ്ടുപോകില്ലെന്ന് വിധിയെഴുതിയ ഡോക്ടർ ഒരാഴ്ച കഴിഞ്ഞപ്പോൾ മരിച്ചെന്ന് അയ്യപ്പൻ ചിരിക്കുന്നു.  റെയിൽവേ പ്ലാറ്റ്ഫോമിലും തെരുവിലും സെൻട്രൽ ലൈബ്രറിയിലെ കല്ലിലും ഇരുന്ന് കുറിച്ചതാണ് തന്റെ കവിതകളെന്ന് സ്വന്തം മുറിയില്ലാത്ത കവി സാക്ഷ്യപ്പെടുത്തുന്നു.

കവിയ്ക്ക് കവിത ജീവിതവും ജീവിതം കവിതയുമാണ്.  അതുകൊണ്ടുതന്നെ ഓരോ യാത്രയും ഓരോ നിമിഷവും കവിതയ്ക്കുവേണ്ടിയുള്ളതാണ്.  ഇതിനിടയിൽ തകർന്നുപോയ വ്യക്തി ജീവിതത്തിന്റെ താളക്കേടുകൾ കവിതയുടെ താളമായി മാറുകയും ചെയ്തു.  പ്രതിസന്ധികളിൽ തകർന്നു പോകാതെയും സ്വയം പ്രതിസന്ധി സൃഷ്ടിച്ചും അദ്ദേഹം  കാവ്യലോകത്ത് ചിരപ്രതിഷ്ഠനേടി.  ഭിന്ന രീതികളിൽ എഴുത്തുകാരും നിരൂപകരും അയ്യപ്പൻ കവിതയെ വിലയിരുത്തുന്നു.  അയ്യപ്പന്റെ കാവ്യജീവിതമാണ് അദ്ദേഹത്തിന്റെ കവിതകളേക്കാൾ ശ്രേഷ്ഠം എന്ന് വിമർശനമുണ്ടാകുന്നു.

മലയാള കവിതയിലെ പ്രണയ കവിതകളെല്ലാം മിക്കപ്പോഴും പീലിവിടർത്തിയാടുമ്പോൾ അസ്വാഭാവികത നിറഞ്ഞ ഒരു പ്രണയലോകമാണ് അയ്യപ്പൻ കവിതകൾ മുന്നോ

ട്ടുവയ്ക്കുന്നത്. പ്രണയത്തിന്റെ ഉപേക്ഷയും രക്ഷയും ആ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. കവിപോലും തിരിച്ചറിയാതെ പ്രണയം കവിതകളിൽ ഭാരമിറക്കി വച്ച് വിശ്രമിക്കുകയാണ്. വേദനയോടെ അത് പറയുന്നു.

സ്വേദവും
ചോരയും
കണ്ണീരും നിറഞ്ഞ
സ്വാദാണെനിക്കു പ്രേമം.
(പ്രേമത്തിന്റെ ചിഹ്നവും ഹോത്രവും, വെയിൽ മറന്നവൾ, പുറം – 36)

തന്റെ പ്രണയത്തിന് കണ്ണീരിന്റെയും ചോരയുടെയും സ്വാദാണെന്ന് ഇതിലൂടെ കവി സ്ക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ തെളിഞ്ഞ മനസ്സിലേക്കോ പ്രതിക്ഷകളിലേക്കോ കവിയുടെ പ്രണയം വളരുന്നില്ല അത് സംശയത്തോടെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്.

നിന്റെ പ്രേമത്തിന്റെ വർണ്ണമേത്
എന്റെ പ്രേമത്തിന്റെ വർണ്ണം
ഗോത്രത്തിന്റെ പുരസ്ക്കാരങ്ങൾ
നീലയും
ചുവപ്പും
നീലയുടെ തടാകത്തിൽ
ഞാൻ താഴുകയാണ്
ചുവപ്പ്
ഒരു നിലവിളിയുടെ പിതാവാകുന്നു.

ഇങ്ങനെ പ്രണയത്തെ അന്വേഷിച്ചലയുകയാണ് കവി. യാഥാർത്ഥ്യത്തെ ഇല്ലാതാക്കുന്ന നീലയുടെ തടാകത്തിൽ കവി താഴ്ന്നുപോകുന്നു. ഇത് പ്രതീക്ഷയില്ലാത്ത പ്രണയത്തിന്റെ താഴ്ന്നുപോകൽ കൂടിയാണ്. ആ വർണ്ണത്തിലുള്ളതാണ് തന്റെ പ്രണയത്തിന്റെ വർണ്ണം എന്നതുകൊണ്ട് അതാണ് അവിടെ സൂചിപ്പിക്കപ്പെടുന്നത്. പ്രണയത്തിന്റെ മറ്റൊരുവർണ്ണമായി കവി ചൂണ്ടികാണിക്കുന്നത് ചുവപ്പാണ് അത് ഒരു നിലവിളിയുടെ പിതാവാണ് എന്ന് പ്രഖ്യാപിക്കുന്നതിലൂടെ പ്രണയം ഒരു അഭയമന്വേഷിച്ചുള്ള നിലവിളിയാണെന്ന് സ്ഥാപിക്കുന്നു. സ്വത്വബോധത്തിലേക്ക് കടന്നു വരുന്ന വേദനയാണ് അയ്യപ്പന്റെ പ്രണയങ്ങൾ. മിന്നിതിളങ്ങുന്ന ഒരു മുഖം അതിനില്ല അക്ഷരങ്ങളിലൂടെ വെളിപ്പെടുന്നതുപോലെ അത് ഒരു നിലവിളിയാണ്. ഗോത്രത്തിന്റെ കാലങ്ങളിലൂടെ സമ്മാനങ്ങൾ തേടി അത് യാത്രയാവുകയാണ്. ഇങ്ങനെ കറുത്ത പ്രണയാനുഭവങ്ങളിലൂടെ കവി സഞ്ചരിക്കുന്നു. നടുക്കുന്ന ബോധ്യങ്ങൾ പുൻതുടരുന്ന ജീവിതമാണ് കവിയുടേത് അതുകൊണ്ടുതന്നെ തന്റെ പ്രണയവും അത്തരത്തിലുള്ള അനുഭവങ്ങൾ

പേറുന്നു. പലപ്പോഴും പ്രണയ നഷ്ടങ്ങളുടെ വിലാപങ്ങൾ കവിതയിൽ നിറയുന്നു.

വേരുകൾ പൊട്ടി
മരമായ്
ശാഖികൾ വീശി
തളിരിടും
പൂമരമല്ല
എന്റെ പ്രേമം
(പ്രേമത്തിന്റെ ചിഹ്നവും ഗോത്രവും, വെയിൽ മറന്നവൾ, പുറം– 35)

എന്നും വളർന്ന് പൂവിടുന്നതല്ല തന്റെ പ്രണയമെന്നും അയ്യപ്പൻ പറയുന്നു. ഇത് നഷ്ട പ്രണയങ്ങളുടെ സാക്ഷ്യമായി മാറുന്നു. പ്രണയം തീവ്രമാകുമ്പോഴും അത് കവിയെ നിരാകരിക്കുന്നു. 'നഷ്ട പ്രണയത്തിന്റെ ഉള്ളു പിളരുന്ന തോറ്റം അയ്യപ്പന്റെ കവിതയിലെ നിരന്തരഭാവമാണ്[2] അതുകൊണ്ടാണ്

ഇരുട്ടിൽ പുതഞ്ഞുപോയ
ഒരു ഓട്ടു വിളക്കായിരുന്നു
അവന്റെ പ്രേമം
(വാക്കുതെറ്റിച്ച ജാതകം)

എന്ന് അയ്യപ്പൻ എഴുതുന്നത്.

കൂടുതരാമെന്നു പ്രവചിച്ച സ്നേഹമേ
വീടില്ലാതെയെന്നിൽ ഞാനലയുന്നു.
(അഗ്നിയും ജലവും)

എന്ന സാക്ഷ്യം തന്നെയാണ് കവിയുടെ പ്രണയത്തിന്റെ ആവിഷ്ക്കാരങ്ങളിൽ തെളിഞ്ഞുകാണുന്നത്.

**II.I അയ്യപ്പൻ കവിതയിലെ ബിംബങ്ങൾ**

ബിംബങ്ങളുടെ യഥേഷ്ടമുള്ള ഉപയോഗമാണ് അയ്യപ്പൻ കവിതയുടെ സവിശേഷത ഒരോ കവിതയും ബിംബസമൃദ്ധമാണ്. ഈ ബിംബസമൃദ്ധിയാണ് പലപ്പോഴും കവിതയിൽ ചേർത്തുവയ്ക്കാനാവാത്ത അർത്ഥങ്ങളെ ഉൽപാദിപ്പിക്കുന്നത്. അത് ഒരു പരീക്ഷണമോ മറ്റ് ഉദ്ദേശങ്ങളോടു കൂടിയ പ്രയോഗമോ അല്ല. കവിയുടെ പ്രതിഭയിൽ നിന്നും പിറവി കൊള്ളുന്നതാണ്. 'അയ്യപ്പന് പ്രിയപ്പെട്ട പദങ്ങൾ നിരവധിയുണ്ട് പക്ഷികൾ, അമ്പ്, കണ്ണ്, കാഴ്ച, കുരുടൻ, അമ്മ, രക്തം, തീർത്ഥം, പാളം, പച്ച ഇങ്ങനെ അത് നീളുന്നു. സ്വകാര്യബിംബങ്ങളുടെ സമ്പത്ത്, ഈ കവി പലപ്പോഴും ധൂർത്തടിക്കുന്നു'[3]. കുഞ്ഞിരാമൻ നായർക്കു ശേഷം ഇത്രയും ബിംബങ്ങളെ കവിതയിലുപയോഗിക്കുന്ന മറ്റൊരാളില്ല. സർപ്പം, കാഞ്ഞിരം, അഗ്നി, വിശപ്പ്, മയിൽപ്പീലി എന്നീ ബിംബങ്ങളോടൊപ്പം പലപ്പോഴും വിഭ്രമം ജനിപ്പിക്കുന്ന നിറങ്ങളും ബിംബങ്ങളായെത്തുന്നു കറുപ്പ്,

മഞ്ഞ, പച്ച, നീല, ചുവപ്പ് തുടങ്ങിയ നിറങ്ങൾ ഒട്ടേറെ കവിതകളിൽ നിരന്തരം കടന്നു വരുന്നു. അസ്വാസ്ഥ്യങ്ങളുടെ അബോധത്തെ ചുവപ്പും കറുപ്പും പോലുള്ള ബിംബ ങ്ങൾ പലപ്പോഴും വരച്ചു കാട്ടുന്നുണ്ട്. വാക്കുകളിലൂടെ തന്റെ അബോധത്തെ തുറന്നു കാണിക്കാൻ കഴിയാത്തതുകൊണ്ടാണ് അർത്ഥം തരുന്ന വാക്കുകൾ നിരത്തുന്നതിനുപ കരം ബിംബങ്ങളെകൊണ്ട് തന്റെ മനസ്സിന്റെ വിഭ്രമക്കാഴ്ചകൾ കവി അവതരിപ്പിക്കുന്ന ത്. ജീവിതാനുഭവങ്ങളെ ആവിഷ്ക്കരിക്കാൻ അയ്യപ്പനെന്ന കവിയ്ക്ക് വാക്കുകൾ മാത്രം പോര എന്നും ഭാഷതന്റെ വികാരാവിഷ്ക്കാരത്തിന് അപൂർണ്ണമാണെന്ന തിരിച്ചറിവും ആണ് ബിംബങ്ങൾ ഉപയോഗിക്കാനുള്ള കവിയുടെ അബോധത്തിന്റെ ശ്രമത്തിനുപി ന്നിലെന്ന് കാണാം. അങ്ങനെ ആവിഷ്ക്കരിക്കുന്നതാകട്ടെ സംവേദനത്തിന് പാകവുമാണ്.

മുറ്റത്തൊരു വെള്ളിടി
ഇല്ലിനി
ഇലയും
പൂവും
കായും

ഇവിടെ വെള്ളിടി എന്ന ബിംബംകൊണ്ട് ഇടിവെട്ടുകൊണ്ടുനശിച്ച മരത്തിന്റെ അവസ്ഥയിലാണ് കവിയുടെ ജീവിതമെന്ന് സഹൃദയനോട് പറയാൻ ഇടിവെട്ട് എന്ന ഒരേ ഒരു ബിംബം മാത്രം മതിയാകുന്നു. തുടർന്നുവരുന്ന ബിംബങ്ങളായ ഇല, പൂവ്, കായ് തുടങ്ങിയവ ഇല്ല എന്നു സൂചിപ്പിക്കുന്നതിലൂടെ തന്റെ ജീവിതത്തിൽ ശുഭകരമാ യിതീരേണ്ട പലതും ഇനി ഉണ്ടാകില്ല എന്നും ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെകുറി ച്ചോർക്കുമ്പോൾ താനൊരു ഇടിവെട്ടുകൊണ്ടു ജീവനാംശം നശിച്ച മരമാണെന്നും സഹൃ ദയനെ ധരിപ്പിക്കാൻ അയ്യപ്പന് കഴിയുന്നു. ഇങ്ങനെ ബിംബങ്ങളെ സമർത്ഥമായി ഉപ യോഗപ്പെടുത്തി കവിതാസ്വാദകരുടെ മനസ്സിന് അർത്ഥങ്ങളുടെ വലിയൊരു നിര സൃഷ്ടി ക്കാനായതാണ് അയ്യപ്പൻ കവിതകളുടെ നേട്ടം. ‘പിഴുതെറിയപ്പെട്ടവനും എവിടെയും വേരുപിടിക്കാത്തവനും നിന്ദിതനും മദ്യപനുമായ, കാവ്യസത്തയിലും കവിസത്വത്തിലും അലഞ്ഞുതിരിയുന്ന ആദിമനിവാസിയുടെ മറ്റൊരു വിധ്വംസക പ്രവൃത്തിയാണ് ബിംബ ങ്ങളുടെ യുക്തിഘടന തകർക്കുക എന്നത്. അതുകൊണ്ട് പിന്നീട് കൂട്ടിയോജിപ്പിക്കാൻ [illegible][4].

എന്ന് ടി. പി. രാജീവൻ നിരീക്ഷിച്ചിട്ടുണ്ട്.

## II.II ബാഹ്യ ആന്തര സംഘർഷങ്ങൾ

മാനസിക സംഘർഷങ്ങളുടെ കവിയാണ് അയ്യപ്പൻ. മന:സംഘർഷങ്ങളിൽ നിന്നാണ് അദ്ദേഹത്തിന്റെ രചനകൾ തീക്ഷ്ണമായി തീരുന്നത്. ഇവിടെ ഓരോ നിമി ഷവും വ്യത്യസ്തമായ അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സഞ്ചാരി ഭാവമുള്ള മനസ്സിനുടമയാണ് അയ്യപ്പൻ. അങ്ങനെയുള്ള വ്യക്തിത്വത്തിൽ നിന്നുടലെടുക്കുന്ന കവി

തകൾ ഏതെങ്കിലും ഒരു പ്രത്യേക കാര്യം അവതിരപ്പിക്കാൻ വേണ്ടി ആരംഭിക്കുന്നതും അവസാനിക്കുന്നതുമല്ല കവിത കുഴഞ്ഞു മറിഞ്ഞ ഒരു മനസ്സിൽ നിന്ന് ആരംഭിക്കുകയും പ്രത്യേക രീതിയിൽ അത് വളർന്ന് അവസാനിക്കുകയും ചെയ്യുന്നു. യുക്തമായ അർത്ഥം അത് ചിലപ്പോൾ നൽകിയില്ലെന്ന് വരാം. അർത്ഥത്തിനപ്പുറത്ത് 'ഭാഷയുടെ ശിലാ ഭിത്തിയിൽ, ആധുനികകാവ്യഭാഷ രൂപപ്പെടുന്നതിന് മുൻപുള്ള ചിത്രഭാഷയിൽ കോറിയിടുന്ന കാവ്യശില്പങ്ങൾ എഴുതുകയോ വായിക്കുകയയോ അല്ല ചെയ്യേണ്ടത് കാണുകയും തൊട്ടറിയുകുമാണ്'[5] എന്ന് ടി. പി. രാജീവൻ നിരീക്ഷിക്കുന്നത് ശരിയാണ്. ഇങ്ങനെയുള്ള കോറിയിടൽ സംഭവിക്കുന്നത് കവിയുടെ സംഘർഷങ്ങളുടെ ഫലമായാണ് ഇത്തരം സംഘർഷങ്ങൾ ഉണ്ടാക്കുന്ന നിരവധി ഘടകങ്ങൾ കവിയുടെ ജീവിതത്തിലുണ്ട്. ജീവിതത്തിലെ ഏകാന്തതയും എവിടെയും അഭയമില്ലാത്ത അലഞ്ഞുതിരിയലും മദ്യത്തോടുള്ള ആസക്തിയും കവിയെ സംഘർഷമുള്ള ജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു. തലചായ്ക്കാൻ ഇടമില്ലാത്തതിന്റെ വേദനകൾ കവി ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്.

> കാതങ്ങൾ മാറി
> കഥയാകെമാറി
> കാണുന്നതൊക്കെയാണിന്നു
> കഴിയാനുള്ള സത്രങ്ങൾ
> (ഗുരുകോപം)

സ്വന്തം അനുഭവങ്ങളാണ് അയ്യപ്പൻ എന്ന കവിയുടെ ആന്തര സംഘർഷത്തിനു കാരണം. എന്നാൽ സംഘർഷങ്ങൾ ഉണ്ടാക്കുന്ന അവസ്ഥകളെ ബഹുജനങ്ങളുടേതാക്കി കവി കവിതയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. യൗവ്വനത്തിൽ തനിക്ക് ലഭിക്കാതിരുന്ന ജീവിത സൗഭാഗ്യങ്ങളിൽ അയ്യപ്പൻ ഓരോ നിമിഷത്തിലും സംഘർഷത്തിലാണ്. ആത്മസംഘർഷത്തിൽ താൻ ജീവിതത്തിൽ നിന്ന് തിരസ്ക്കരിക്കപ്പെട്ടവനാണെന്നും ജീവിതത്തിന്റെ സൗഭാഗ്യങ്ങളിലേക്ക് ഇനിയൊരു തിരിച്ചുപോക്ക് തനിക്ക് സാധിക്കില്ലെന്നും കവി തിരിച്ചറിയുന്നു. ഈ അറിവാണ് അബോധത്തിൽ കവിയെ ഏകാകിയും ദു:ഖിതനുമാക്കുന്നത് അതിന്റെ തുടർച്ചയായി അദ്ദേഹം എഴുതുന്നു.

> എനിക്കായൊരുകൊച്ചരുവി
> ഇരുന്നുണ്ണാനൊരു പീഠം
> മുറ്റം നിറച്ചുമെന്റെ
> മുത്തിന്റെ കാലടയാളം
> (ഈശാവാസ്യം)

നഷ്ടമായ കുടുംബ ജീവിതത്തിന്റേയും മക്കളിലൂടെ ലഭിക്കേണ്ട പ്രതീക്ഷയുടെയും ഇല്ലായ്മ എല്ലാക്കാലത്തും ഏകാന്തതയും സ്നേഹ നിഷേധവുമാണ് തനിക്ക്

വിധിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കിയ ഒരാൾക്ക് മാത്രമേ ഇത്രയും തീവ്രമായ വരികൾ എഴുതാൻ കഴിയു. മുറ്റം നിറച്ചും തന്റെ കുട്ടിയുടെ കാലടയാളം സ്വപ്നം കാണുന്ന ഒരു മനസ്സ് എത്രമാത്രം തന്റെ കുടുംബജീവിതത്തെക്കുറിച്ച് സ്വപ്നം കണ്ടിട്ടുണ്ടാവണം ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാത്തതിന്റെ തീഷ്ണമായ സംഘർഷങ്ങളാണ് കവിയെ കൊണ്ട് ഇത്തരം വരികൾ എഴുതിക്കുന്നത്.

മരിച്ചാൽമതി, ജീവ
ശ്ശവത്തെയാരുകാക്കാൻ

(പുറന്തോൽ)

എന്നുവരെ അദ്ദേഹത്തിന്റെ സംഘർഷം നിറഞ്ഞ ജീവിതം ചിന്തിക്കുന്നുണ്ട്. താനൊരു ജീവച്ഛവമാണെന്നുള്ള തിരിച്ചറിവ് നിസ്സഹായതയുടെ ഏറ്റവും തെളിഞ്ഞ വെളിപ്പെടലാണ്. ഇങ്ങനെ നിരന്തരം ജിവിതത്തിൽ സംഘർഷത്തിനു വിധേയനാവുകയും അലഞ്ഞുതിരിയലിന്റെ പീഢകൾ അനുഭവിക്കുകയും മദ്യത്തിന്റെ ലഹരിയിൽ ആശ്വാസം തേടുകയും ചെയ്യുന്ന കവിയാണ് അയ്യപ്പൻ. നിരന്തരം അതേ രീതിയിൽ ആ വ്യക്തി ജീവിതവും കാവ്യജീവിതവും മുന്നോട്ടു നീങ്ങുന്നു. സമാധാനം ഒരിക്കലും ചെന്നെത്താൻ കഴിയാത്ത ഒരവസ്ഥയായി കവിയ്ക്ക് അനുഭവപ്പെടുന്നു. ഇങ്ങനെ ദു:ഖത്തിന്റേയും സംഘർഷത്തിന്റേയും മനസ്സുമായാണ് കവിയുടെ ദിവസങ്ങൾ കടന്നുപോകുന്നത്. കടുത്ത നിരാശയുടെ അനുഭവങ്ങളാണ് കൂടെയുള്ളത്. അടിസ്ഥാനപരമായ ആവശ്യങ്ങൾപോലും പൂർത്തികരിക്കപ്പെടാനാവാതെ ജീവിതത്തിന്റെ പുറമ്പോക്കുകളിലേക്ക് കവി വീണുപോകുന്നതിന്റെ വേദനയാണ് ഇവിടെ കാണാൻ കഴിയുന്നത്.

**കുറിപ്പുകൾ**

1. നാസിമുദ്ദീൻ, പി. എ., *പ്രതിഭയിലും സൗന്ദര്യത്തിലും വ്യത്യസ്തനായ കവി, മുറിവേറ്റ ശീർഷകങ്ങൾ, പെൻ ബുക്സ്, ആലുവ, 2000*, പുറം – 592.
2. സന്തോഷ്കുമാർ, ടി. കെ., *വിങ്ങുന്ന പ്രണയാക്ഷരങ്ങൾ, മുറിവേറ്റ ശീർഷകങ്ങൾ, പെൻ ബുക്സ്, ആലുവ, 2000*, പുറം – 646.
3. പ്രഭാകരൻ ടി. ടി., *മുറിവുകളുടെ വസന്തം, മുറിവേറ്റ ശീർഷകങ്ങൾ, പെൻ ബുക്സ്, ആലുവ, 2000*, പുറം – 662.
4. രാജീവൻ, ടി. പി., *ഭാഷയിലെ ആദിമനിവാസി, മുറിവേറ്റ ശീർഷകങ്ങൾ, പെൻ ബുക്സ്, ആലുവ, 2000*, പുറം – 589
5. രാജീവൻ, ടി. പി., *ഭാഷയിലെ ആദിമനിവാസി, മുറിവേറ്റ ശീർഷകങ്ങൾ, പെൻ ബുക്സ്, ആലുവ, 2000*, പുറം – 589

## അദ്ധ്യായം 3

## അയ്യപ്പന്റെ കവിതകൾ ഒരു മനഃശാസ്ത്ര സമീപനം

**ഈശാവാസ്യം**

നെഞ്ചു തകർക്കുന്ന ബോധ്യങ്ങളാണ് അയ്യപ്പൻ കവിതയിലൂടെ ഉയർന്നു വരുന്നത് ചിലപ്പോഴെല്ലാം അത് സഹൃദയനെ വിഷാദചിത്തനും അന്തർമുഖനും ജീവിതത്തെക്കുറിച്ച് ഉത്കണ്ഠാകുലനും ആക്കിതീർക്കുകയും ചെയ്യും ഇല്ല എന്നയാഥാർത്ഥ്യത്തോട് കവിപ്രതികരിക്കുന്നത് തന്റെ ഹൃദയത്തിൽ തൊട്ടുകൊണ്ടാണ്. ഇല്ല എന്നു പറയാനുള്ള ആ വികാരം ആവിഷ്ക്കരിക്കാനുള്ള കഴിവ് ശ്രദ്ധേയമാണ്. വീടില്ലാത്തതിന്റെയും മക്കളില്ലാത്തതിന്റേയും ദു:ഖം കവി മറച്ചുവയ്ക്കുന്നില്ല പകരം അത് മരണാനന്തരം നടക്കുന്ന ഒരാഘോഷമാക്കിമാറ്റുകയാണ്. പൊള്ളുന്ന കനലുകൾ ഹൃദയത്തിലുണ്ടെങ്കിലും ഈ കനലുകൾ തിരിച്ചറിയാതെയാണ് അയ്യപ്പനോട് ആളുകൾ വീടിന് പേരിടാനും കുട്ടിയ്ക്കൊരു പേരിടാനും ആവശ്യപ്പെടുന്നത്. അത് അയ്യപ്പന്റെ ഭാഷയിൽ ക്രൂരതയാണ്. അത്തരം ക്രൂരതയ്ക്കു മുന്നിൽ പകച്ചു നിൽക്കുകയാണ് താനെന്ന് അയ്യപ്പൻ കവിതയിലൂടെ സാക്ഷ്യപ്പെടുത്തുന്നു.

വീടില്ലാത്തൊരുവനോട്
വീടിനൊരുപേരിടാനും
മക്കളില്ലാത്തൊരുവനോട്
കുട്ടിയ്ക്കൊരു പേരിടാനും
ചൊല്ലവേ നീ കൂട്ടുകാരാ
രണ്ടുമില്ലാത്തൊരുവന്റെ
നെഞ്ചിലെത്തീകണ്ടുവോ.

എന്ന് കവി ചോദിക്കുന്നുണ്ട് മാത്രമല്ല വീടിനെക്കുറിച്ചും വ്യക്തമായ, തകർന്നുപോയ സ്വപ്നങ്ങൾ കവിയ്ക്കുണ്ട്. അങ്ങനെയുള്ള സ്വപ്നങ്ങളെല്ലാം തന്നെ തകർന്നുപോകുന്നതിന്റെ വേദനയും കവിതയിലുണ്ട്. കവിയുടെ അബോധത്തിൽ നിന്ന് അത് ഇടയ്ക്ക് ഈ രീതിയിൽ പുറത്തേക്ക് വരും.

കരം മുത്താൻകൈയില്ല
ഉണ്ടല്ലോ നെഞ്ചിലെല്ലാം

ഒരു വീടിന്റെ ഇല്ലായ്മയിൽ വേദനകൾ മനസ്സിൽ കൊണ്ടുനടക്കുകയും വ്യക്തി എന്ന നിലയ്ക്ക് തനിക്കു ലഭിച്ച അറിവുകളെല്ലാം സ്വന്തം കാര്യത്തിൽ തെറ്റിപോകുന്ന അനുഭവമാണ് കവിയ്ക്കുള്ളത് ഇപ്രകാരം അദ്ദേഹം അത് വ്യക്തമാക്കുന്നു.

അറിവായ വൃക്ഷത്തിന്റെ

അടിവേരുകൾ പൊട്ടുന്നു

ബോധി തണലെനിക്കു

വെയിലായി തീരുന്നു.

ജീവിതത്തെകുറിച്ച് ലഭിച്ച അറിവുകളെല്ലാം തന്നെ ജീവിതമെന്ന വൃക്ഷത്തിന്റെ വേരുകൾ പൊട്ടിനശിച്ചു പോവുകയാണ്. ബുദ്ധനിൽനിന്നു ലഭിക്കുന്ന ശാന്തി സന്ദേശങ്ങൾ കവിയുടെ കാര്യത്തിൽ ഉപയോഗശൂന്യമായി തീരുന്നു. ബുദ്ധന്റെ ശാന്തി പാഠങ്ങൾ വിപരീത സന്ദേശവും ചുട്ടു പൊള്ളുന്ന വെയിലുമാണ് തന്റെ ജീവിതത്തൽ ഉണ്ടാക്കിയതെന്ന് കവി പറയുന്നു. അതുകൊണ്ടു തന്നെ ജീവിതത്തിൽ രക്ഷനോടാൻ ഒന്നുമില്ലെന്ന് കവി പ്രഖ്യാപിക്കുന്നു. ആശയലോകത്തുപോലും തന്നെ രക്ഷിക്കാൻ ഒന്നും ബാക്കിയില്ലെന്ന നിലവിളി കവിയിൽ നിന്നുയരുന്നു. അതുകൊണ്ടുതന്നെ കവി അർത്ഥവത്തായ ജീവിതം എന്താണെന്ന് സംശയിക്കുന്നു.

അർത്ഥവത്തായ ജീവിതം

ഞാനോ

നാളെയോ

ഇന്നോ?

ജീവിതത്തിന്റെ ഭിന്നമുഖങ്ങളെ കുറിച്ച്, അനുഭവങ്ങളെക്കുറിച്ച് കവിബോധവാനാണ്. നാളെയെക്കുറിച്ച് പ്രതിക്ഷയില്ലാത്തതും താൻ അനുഭവിക്കുന്ന ഈ ജീവതം തന്നെയാണ് മികച്ചത് അല്ലെങ്കിൽ മികച്ച അവസ്ഥകൾ നാളെ ജീവിതത്തിൽ ഉണ്ടാകുമോ എന്നും ജീവിതത്തിന്റെ അർത്ഥം എന്ത് എന്നദ്ദേഹം ആലോചനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഈ ആലോചനയിൽനിന്നുണ്ടാകുന്ന ഉത്കണ്ഠതന്നെയാണ് ജീവിതത്തിന്റെ പ്രത്യേകത എന്നും നഷ്ടങ്ങളുടെ വഴിയിലൂടെ മുന്നോട്ടു പോകലാണ് ജീവിതമെന്നും അദ്ദേഹം പറയുന്നു.

തന്റെ അസ്തിത്വത്തെക്കുറിച്ച് അദ്ദേഹം ഗൗരവമായി വേവലാതിപ്പെടുന്നുണ്ട്. വീടോ മക്കളോ ഒന്നുമില്ലാത്ത ഒരാളുടെ നില എന്താണെന്ന് അദ്ദേഹം ആശങ്കപ്പെടുന്നു. ഓരോ ദൃശ്യങ്ങളും സമ്പത്തിനെയും ആഘോഷത്തിനെയും സൂചിപ്പിക്കുമ്പോൾ സ്വന്തം പേര് എന്തിൽപ്പെടുമെന്ന് കവി അന്വേഷിക്കുന്നു. ആരുമില്ലാതെ അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ട ജീവിതത്തിന്റെ മുഴുവൻ സംഘർഷങ്ങളും ഈ കവിതയിൽ കാണാം. ഒരു പക്ഷേ ജനത്തിരക്കേറിയ റെയിൽവേസ്റ്റേഷനിലും സെൻട്രൽ ലൈബ്രറിയിലെ കല്ലിലുമിരുന്ന് കവി ഏറ്റവും ഏകാന്തത ആവശ്യമായ രചന നിർവ്വഹിക്കുന്നതിന് ഒരു കാരണം

ഏകാന്തതയിൽ നിന്ന് രക്ഷനേടാനായിരിക്കണം. ആളുകളുടെ സാമീപ്യം അത്രയേറെ കൊതിക്കുന്ന ഒരു വ്യക്തിത്വമാണ് കവിയുടേത്. അച്ഛനമ്മമാരുടെ മരണം സൃഷ്ടിച്ച ഏകാന്തതയുടെ ഭീതി ആരെയും പ്രിയപ്പെട്ടവരാക്കാനുള്ള ആഗ്രഹം കവിയിലുണ്ടാക്കുന്നു. താൻ ആരും ഇല്ലാത്തവനാണ് എന്ന കവിയുടെ സംശയം ആളുകളുടെ ഇടയിലേക്ക് കവിയെ കൊണ്ടുവരുന്നു. അഭിമുഖങ്ങളിൽ അത് ഇങ്ങനെ തെളിയുന്നു. 'ആൾക്കൂട്ടത്തിന്റെ മന:ശാസ്ത്രം എനിക്കറിയാം. എനിക്കവർ ആൾക്കൂട്ടമല്ല. ഒരു വസന്തകാലമാണ്. ഞാൻ റെയിൽവെ ക്യാബിനിൽവച്ചം പ്ലാറ്റ്ഫോമിൽ വച്ചും ലൈബ്രറിയിൽ വെച്ചും കവിതകളെഴുതിയിട്ടുണ്ട്. ഞാനെഴുതുമ്പോൾ അവരാരും അവിടം വിട്ടുപോയിട്ടില്ല. അവർക്കിടയിലിരുന്നാണ് ഞാനെഴുതുന്നത്. ബഹളമയമായ ഈ ലോകത്തിരുന്ന് നമുക്ക് പ്രാർത്ഥിക്കാനും കഴിയണം'[1]. മനുഷ്യനെ അവന്റെ പ്രശ്നങ്ങളുടെ ആഴങ്ങളിൽ മനസ്സിലാക്കിയ കവിയാണ് അയ്യപ്പൻ. ജീവിതത്തിൽ രക്തബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ട അദ്ദേഹം തന്റെ സങ്കൽപ്പലോകത്തിലെ വീടിനെക്കുറിച്ച് മനസ്സുതുറക്കുന്നു.

എനിക്കായൊരു കൊച്ചരുവി
ഇരുന്നുണ്ണാനൊരു പീഠം
മുറ്റം നിറച്ചുമെന്റെ
മുത്തിന്റെ കാലടയാളം.

ജനിക്കാതെപോയ കുട്ടിയെക്കുറിച്ച് സ്നേഹത്താൽ ഉരുകുകയാണ് ആ ഹൃദയം. തന്റെ പരമ്പര തന്നിൽതന്നെ അവസാനിക്കുകയാണെന്ന് കവി വേദനയോടെ ഓർക്കുന്നു. അലഞ്ഞുതിരിഞ്ഞു വിഷമിച്ചുപോയ കവിയുടെ ഉള്ളിലെ മടുപ്പാണ് ഇരുന്നുണ്ണാനൊരു പീഠം വേണമെന്ന് ആഗ്രഹിക്കുന്നത്. ഈ അലച്ചിലാണ് എനിക്ക് കവിത, ജീവിതവും എന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും അബോധത്തിൽ അതിനെ സ്വീകരിക്കുന്നില്ല. മനുഷ്യനിലെ എല്ലാത്തരം പരിമിതികളും അദ്ദേഹത്തെ വേട്ടയാടുന്നുണ്ട്. കലണ്ടറിൽ അദ്ദേഹത്തിന്റെ നാളും പേരും സുഖകരമായ അനുഭവങ്ങളും സന്തോഷവും ലഭിക്കുന്ന ഒരു കാലം എവിടെയാണെന്ന് അന്വേഷിച്ചലയുകയാണ്.

ചാന്ദ്രമാസക്കലണ്ടറിൽ
എവിടെയാകുന്നെന്റെ നാൾ
എവിടെയാകുന്നെന്റെ നാൾ
എവിടെ.......

ജീവിതത്തിൽ അപ്രതീക്ഷിതമായ പ്രഹരങ്ങൾ ഏറ്റുവാങ്ങി എവിടെയാണ് തനിക്ക്

അഭയം ലഭിക്കുക എന്ന് അന്വേഷിച്ചലയുകയാണ് അദ്ദേഹം. വരാൻ പോകുന്ന കാലത്തിൽ എവിടെയെങ്കിലും തന്റെ സമയമുണ്ടോ തനിക്ക് അനുകൂലമായ എന്തെങ്കിലുമുണ്ടോ എന്ന് അദ്ദേഹം ആശങ്കപ്പെടുകയാണ് ചുറ്റുമുള്ള വർണ്ണശബളമായ ജീവിതത്തിന്റെ ആഘോഷങ്ങളിൽ പങ്കുചേരാനാവാതെ തന്റേതായ ലോകത്തിൽ ശാന്തിലഭിക്കാതെ കവി കേഴുകയാണ്. ആ തേങ്ങലാണ് കവിതയായി പുറത്തേക്കൊഴുകുന്നത്. ജീവിതത്തിൽ താൻ തിരസ്കൃതനാണെന്നും അതിനാൽ ഏകാകിയാണെന്നും കവിപറയുന്നു എല്ലാവരും സ്വന്തം വീടുകളിലേക്ക് പോകുമ്പോൾ വീടില്ലാത്ത കവി എവിടെ പോകണമെന്നറിയാതെ നാൽക്കവലയിൽ നിൽക്കുന്നു. ഇത് അയ്യപ്പന്റെ കവിതയല്ല ജീവിതമാണ്. വ്യക്തിജീവിതത്തിൽ ഇത്രയധികം മാനസിക സംഘർഷങ്ങൾ ഉണ്ടായിരുന്നതിന് ഇത്തരം കാരണങ്ങളുണ്ട്. മാത്രമല്ല ആഗ്രഹിച്ചതെല്ലാം ലഭിക്കാതിരിക്കുകയും വിശ്വസിച്ച തത്വശാസ്ത്രത്തിലും ദൈവത്തിലും കുടുംബത്തിലും അഭയം ലഭിക്കാതിരിക്കുക എന്നത് ഒറ്റപ്പെടൽ മൂലമുണ്ടാകുന്ന സംഘർഷങ്ങളെ ഇരട്ടിപ്പിക്കുന്നു. രാഷ്ട്രീയവിശ്വാസങ്ങൾ കൈമോശം വന്നു എന്ന് അദ്ദേഹം അഭിമുഖങ്ങളിൽ പറഞ്ഞിട്ടുണ്ട്. 'ഇന്നത്തെ മാർക്സിസവുമായി ഞാൻ പൊരുത്തപ്പെട്ടുപോകില്ല. അവരുമായി ഞാൻ വാഗ്വാദം നടത്താറുണ്ട്'[2]. ദൈവവിശ്വാസമില്ലെങ്കിലും നിരന്തരം ഹൈന്ദവരുടെ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അവശിഷ്ടങ്ങൾ അയ്യപ്പൻ കവിതയിൽ സജീവമാണ്.

'ചാന്ദ്രമാസക്കലണ്ടറിൽ

എവിടെയാകുന്നെന്റെ നാൾ'

'കലണ്ടറിൽ വൃശ്ചികം ഒന്ന്'

'കെട്ടുതാലി അറ്റുപോകരുത്'

'യാഗാഗ്നിക്കരിപുരണ്ട വാതിലുകൾ ഞാൻ മുട്ടുന്നു.'

ഇങ്ങനെ അത് കാണാം. ദൈവത്തെ നിരാകരിക്കുന്ന കവിയാണ് അയ്യപ്പനെങ്കിലും സമൂഹത്തിന്റെ സ്വാധീനം കവിയറിയാതെ കവിതയിൽ നിറഞ്ഞുകവിയുന്നു. താൻ നിഷേധിക്കുമ്പോഴും ബോധത്തിലും അബോധത്തിലും നിറയുന്ന ദൈവികത കവിതയിൽ എത്തപ്പെടുന്നു. അങ്ങനെ വിശ്വാസിയാകാനോ അവിശ്വാസത്തിലേക്ക് എത്തിച്ചേരാനോ കഴിയാതെ വിശ്വാസത്തെക്കുറിച്ച് തന്റെ നിലപാട് എന്ത് എന്ന് നിരത്താനാവാതെ അബോധപരമായി കവിതസൃഷ്ടിക്കുക എന്നതുമാത്രമാണ് അയ്യപ്പന്റെ രീതി. കവി എന്ന നിലയ്ക്ക് ധീരമായ ഒരു നിലപാടുമില്ലാതെയാണ് അദ്ദേഹം കവിതയിൽ ജീവിതത്തിലെന്നതുപോലെ പ്രത്യക്ഷപ്പെടുന്നത്. ഇങ്ങനെയുള്ള തന്നെ എന്തുവിളിക്കണമെന്ന് അയ്യപ്പന് സംശയമുണ്ട്.

വീടോ ഒരുമ്മയോകിട്ടാത്ത

വിഡ്ഢിക്കൊരു പേരിടുക

വീടും ബന്ധങ്ങളുമില്ലാത്ത വിഡ്ഢിയാണ് താനെന്ന് കവി ഈ വരികളിലൂടെ വ്യക്തമാക്കുകയാണ്. ബന്ധങ്ങളും ജീവിതവും ബുദ്ധിയുപയോഗിച്ച് നേടേണ്ടതാണെന്നും സ്വഭാവികമല്ലെന്നും തിരിച്ചറിയുന്ന വേദന അയ്യപ്പനിലുണ്ട്. നഷ്ടമാകുന്ന സുരക്ഷിതത്വത്തിന്റെ കാര്യത്തിലും തനിക്ക് അബദ്ധം പറ്റിയെന്നും അയ്യപ്പന് തോന്നി തുടങ്ങിയിരിക്കുന്നു തിരിഞ്ഞുനോക്കുമ്പോൾ തന്റെ ജീവിതത്തിൽ അബദ്ധങ്ങളുടെ ഒരു നിരതന്നെ കവി കാണുന്നു. തയ്യാറെടുപ്പുകളും പ്രയത്നങ്ങളും ഇല്ലാത്തതിനാൽ ജിവിതം കവിയ്ക്ക് നിൽപ്പുറയ്ക്കാത്തതായി തോന്നുന്നു. എന്താണ് താൻ ഇങ്ങനെയായിപ്പോയതെന്ന് ജനമദ്ധ്യത്തിൽ നിന്ന് കവി ചോദിക്കുകയും തന്റെ പരിതാപാവസ്ഥ അവർക്കുമുന്നിൽ തുറന്നു കാണിക്കുകയും ചെയ്യുന്നു. ഇത് സൂപ്പർ ഈഗോയുടെ പ്രവർത്തനം കൊണ്ട് സംഭവിക്കുന്നതാണ്. ആൾക്കൂട്ടത്തിന്റെ മന:ശാസ്ത്രം ഇത്തരം സന്ദർഭങ്ങളിൽ അയ്യപ്പൻ ദുരുപയോഗം ചെയ്യുന്നു.

ഇതാണ് ശാന്തി പാഠം

ഇതെനിക്ക് ഈശാവാസ്യം

എന്ന് കവി തിരിച്ചറിയുന്നുണ്ട്.

**മാളമില്ലാത്ത പാമ്പ്**

'വാക്കും അർത്ഥവും കഴിഞ്ഞുള്ള കവിയുടെ വിരലടയാളമാണ് അയ്യപ്പന്റെ കവിതകൾ. ഭാഷയുടെ സൂക്ഷ്മശോകത്തിലേക്ക് വിരൽ ചൂണ്ടുന്ന വാക്കാണത്. ഈ കവി എള്ളും പൂവും നനയ്ക്കുന്നത് തന്റെ ചോരകൊണ്ടുതന്നെയാണ്'[3]. തന്റെ ജീവിതവുമായി അയ്യപ്പന്റെ കവിതയ്ക്ക് എല്ലാതലത്തിലും ബന്ധമുണ്ട്. അയ്യപ്പന്റെ മാളമില്ലാത്ത പാമ്പ് എന്ന കവിത ലൈംഗികതയുടെ ദമനത്തിൽ നിന്ന് പറപ്പെടുന്ന ഒന്നാണെന്നും സൂപ്പർ ഈഗോയുടെ ഫലമായി ഉണ്ടാകുന്നതാണെന്നും വ്യക്തമാകുന്നുണ്ട്.

'തിരിച്ചുവന്നപ്പോഴേയ്ക്കും

എരിച്ചുകളഞ്ഞെൻ മാളം'

എന്തിനൊക്കെയോ തയ്യാറെടുത്ത് തിരിച്ചു വന്നപ്പോഴേയ്ക്കും എരിച്ചു കളഞ്ഞെൻ മാളം. അതുകൊണ്ട് തലചായ്ക്കാൻ മാളമില്ല.

ഭൂമിയുടെ മറവിൽ വിഷ–

പ്പല്ലമർത്തി ഞാൻ തേങ്ങുന്നു.

ഭൂമിയുടെ മറവിലാണ് വിഷപ്പല്ലമർത്തി തേങ്ങുന്നത്. അതുകൊണ്ടുതന്നെ വിഷ

മാണെന്നു കരുതുന്ന എന്തോ ഒന്നാണ്, അതുപോലെ മറച്ചുവയ്ക്കേണ്ട എന്തോ ഒന്നിനുവേണ്ടിയാണ് വിഷപ്പല്ലമർത്തി തേങ്ങുന്നത് എന്ന് വ്യക്തം അതുകൊണ്ടാണല്ലോ ബോധത്തിലോ അബോധത്തിലോ കവി 'മറവിൽ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. തുടർന്ന് 'നാഗം ഞാൻ' എന്നാണ് പറയുന്നത് 'ഞാൻ പാമ്പാണ്' ലോകം മുഴുവൻ അംഗീകരിച്ച ലൈംഗിക പ്രതീകമാണ് പാമ്പ്. ഞാൻ പാമ്പാണ് എന്ന് കവി വിളിച്ചു പറയുന്നു. ഇത് അദ്ദേഹത്തെ കൊണ്ടു പറയിക്കുന്നത് ലിബിഡോയാണ് അഥവാ ലൈംഗികോർജ്ജമാണ് തുടർന്നുവരുന്ന പ്രസ്താവനകൾ ഇപ്രകാരമാണ്.

വചനങ്ങളുടെ ഭ്രാന്തുപിടിച്ച ദൈവമല്ല
തെറ്റുകളുടെദേവനായ
ചെകുത്താനാണെന്റെ ഗുരുനാഥൻ

തെറ്റുകളുടെ ഗുരുനാഥനായ ചെകുത്താനാണ് ഗുരുവെന്ന് പറയുന്നത് അബോധത്തിന്റെ പ്രവർത്തന ഫലമായാണ് കാരണം ശരാശരി വ്യക്തിയ്ക്ക് അവന്റെ അബോധത്തിൽ ലൈംഗികത ഒരു തെറ്റാണ്. തെറ്റായതുകൊണ്ടുതന്നെ കവിയുടെ മനസ്സിൽ ലൈംഗികതയുമായി അതിന് അടുത്ത ബന്ധമുണ്ട്. ഇത് ദൈവികമല്ല അതുകൊണ്ട് തന്നെ ഇവിടെ മാളമന്വേഷിച്ചലയുന്ന പാമ്പ് കവിയിലെ ദമനത്തിനു വിധേയമായ ലൈംഗികതൃഷ്ണതന്നെയാണ്. അതിന് അടിവരയിടുന്നതാണ് അടുത്തവരികൾ

നന്ദിയില്ലാത്ത നരജന്മത്തിന്
ഞാൻ അറിവിന്റെ കനികൊടുത്തു
ഞാനിന്നതിന്റെ ഫലമറിഞ്ഞു.

ആണും പെണ്ണും എന്ന തിരിച്ചറിവും നാണം എന്ന ബോധത്തെയും സൃഷ്ടിച്ചത് ഈ പഴമാണെന്ന് ബൈബിൾ പറയുന്നുണ്ടല്ലോ. ഈ പഴം കവിയെസംബന്ധിച്ച് ജീവിതത്തിൽ നിന്നു ലഭിച്ച അറിവുകളാണ്, തന്നെ സംബന്ധിക്കുന്ന സവിശേഷമായ തിരിച്ചറിവുകളാണ്. ഇനി സന്തോഷപ്രദമായ ഒരു കുടുംബജീവിതം ഉണ്ടാവുകയില്ലെന്ന് കവിമനസ്സിലാക്കുന്നു. അതിൽ നിന്ന് ഉണ്ടാകുന്ന നിരാശയിൽ നിന്നാണ് നഷ്ടബോധത്തിൽ നിന്നാണ് കവി അറിവു നൽകുന്ന കനിയുടെ ഫലം മനസ്സിലാക്കിയത്. അതുകൊണ്ടുതന്നെ ദൈവത്തിൽ നിന്നും ധാർമ്മികതയിൽ നിന്നും അകന്ന് തെറ്റുകളിലാണ് താൻ ജീവിക്കുന്നതെന്നും ചെകുത്താനാണ് തന്റെ ഗുനാഥനെന്നും കവി സാക്ഷ്യപ്പെടുത്തുന്നത് തന്റെ മനസ്സിൽ അടങ്ങാത്ത രീതിയിലുള്ള ലൈംഗിക വികാരങ്ങളുടെ ശല്യപ്പെടുത്തലുകൾ നിരന്തരം വേട്ടയാടുന്നതുകൊണ്ടാണ് ഇത്തരം വെളിപ്പെടലുകൾ ഉണ്ടാകുന്നത്. ഇതാണെങ്കിൽ ഒരു മനുഷ്യനെന്ന നിലയിൽ ദമനം ചെയ്യപ്പെടുന്ന വികാരങ്ങ

ളിൽ നിന്നുണ്ടാകുന്ന വിക്ഷോഭമാണ് ഈ കവിതയിലുടനീളം തെളിയുന്നത്.

സ്വന്തമായി എഴുത്തുമുറിയോ വീടോ ഇല്ലാത്ത കവിയ്ക്ക് മുകളിൽ പറഞ്ഞതു പോലുള്ള ദമനം കൂടുതലായി വേണ്ടിവരുന്നു. എപ്പോഴും പൊതുസ്ഥലങ്ങളിലായിരിക്കുന്ന കവിയ്ക്ക് മനുഷ്യസഹജമായ വികാരങ്ങളെ ഏറ്റവുമധികം ദമനം ചെയ്യേണ്ടിവരുന്നു. ഈ ദമനം അവസരത്തിലും അനവസരത്തിലുമെല്ലാം കവിതയിൽ പൊട്ടിത്തെറിക്കുകയാണ്. ഈ പൊട്ടിത്തെറി സൂപ്പർ ഈഗോയുടെ സ്വഭാവമുള്ള സാമൂഹ്യബോധത്തിന്റെ പരിധിയെ ലംഘിക്കുന്നില്ല അതിന് കവിയുടെ അഹംബോധം സമ്മതിക്കാത്തതുകൊണ്ടും സത്യം വിളിച്ചു പറയാനുള്ള മടിയുമാണ് കാരണം അല്ലെങ്കിൽ തന്റെ വ്യക്തി ജീവിതമെന്ന ദുരന്തത്തിന് കാരണം സമൂഹമാണെന്നു തിരിച്ചറിയുന്ന കവി വ്യക്തി എന്ന നിലയിൽ കവിതയിൽ പൊട്ടിത്തെറിക്കുമായിരുന്നു. ചിലയിടത്തെല്ലാം പൊട്ടിത്തെറിയുണ്ടെങ്കിലും അത് തടാകത്തിൽ കല്ലു വീഴുന്ന പ്രതീതിയെ ഉണ്ടാക്കുന്നുള്ളു എന്നാൽ രോഷം മനസ്സിലുണ്ട്.

ഒറ്റയടിപ്പാതയ്ക്കരികിൽ

ഒളിച്ചിരുന്നുകൊത്തും ഞാൻ

എന്ന് പറയുന്നുമുണ്ട്. എന്നാൽ കവിതയിൽ ഒരു രോഷത്തിന്റെ ശബ്ദമാകാൻ അയ്യപ്പന് കഴിയുന്നില്ല. പകരം സ്കിസോഫ്രിനിയ ബാധിച്ച മനസ്സിന്റെ പരസ്പരബന്ധമില്ലാത്ത വസ്തുതകൾ നിരത്തിവെയ്ക്കുന്ന ഒരവസ്ഥസൃഷ്ടിക്കുകയാണ്. ഈ നിരത്തിവെയ്പ്പിൽ പുതിയൊരു കവിതാ രീതിയും പുതിയൊരു ആസ്വാദനതലവും സൃഷ്ടിക്കപ്പെടുന്നു. അത് സംഘർഷം നിറഞ്ഞതാണ്, കവിയുടെ ഹൃദയത്തിലേക്ക് ശിഥിലമായ ആ വാക്കുകൾ സഹൃദയനെ കൂട്ടികൊണ്ടുപോകുന്നു. അയ്യപ്പന്റെ ഭാഷയിൽ പറഞ്ഞാൽ അതിൽ നിന്ന് ഒരു കവിളെടുക്കാം കയ്പ്പുകൊണ്ട് ഇറക്കാൻ കഴിഞ്ഞില്ലെന്നു വരാം അല്ലെങ്കിൽ ആ രുചി ഇഷ്ടപ്പെട്ടെന്ന് വരാം രണ്ടായാലും കവിയ്ക്ക് വിരോധമില്ല.

**കറുപ്പ്**

'കറുപ്പ്' എന്ന കവിതയിൽ കറുപ്പ് എന്ന നിറം ഒരു ബിംബമാണ്. കറുത്ത ജീവിതത്തെയാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. കറുത്ത ജീവിതം ഒരു പക്ഷേ കുറ്റവാളിയുടേയും കാമുകന്റേതും കവിയുടേതുമാകാം. കവിത ഒരറ്റത്തുനിന്നു തുടങ്ങുന്നത് ഏതെങ്കിലുമൊരു പ്രത്യേകകാര്യം സൂചിപ്പിച്ചു കൊണ്ടല്ല അത് വികസിക്കുന്തോറും ലോക കാര്യങ്ങളെന്ന് തോന്നിപ്പിക്കുന്നതിനെ അവതരിപ്പിക്കുകയാണ്.

'തുളസിച്ചെടി പട്ടുപോയ്

ചെരാതിൻതിരികരിഞ്ഞു

ആന ചെരിഞ്ഞു മണ്ണിൽ

പാപ്പാനിന്നിടവപ്പാതി'

എന്നാൽ ഇവിടെ പട്ടുപോകുന്നതും കരിഞ്ഞുപോകുന്നതും ചെരിഞ്ഞുപോകുന്നതുമെല്ലാം കവിയുടെ ജീവിതമാണ്. ആ ജീവിതത്തെ അടിസ്ഥാമാക്കിയാണ്. തുളസിയുടെ നാശം കവിയുടെ ജീവിതത്തിലെ നന്മകളുടെ നാശമായും ചെരാത് കരിഞ്ഞത് പ്രതീക്ഷകളുടെ ഇല്ലായ്മയായും ആന ചെരിഞ്ഞതിനെ സെക്സിന്റെ അഭാവമായും ഫ്രോയ്ഡിയൻ പക്ഷത്തിൽ കണ്ടെത്താം അതല്ലാതെ അതൊരു ലോകദു:ഖമോ ലോകകാര്യമോ അല്ല. 'നിറങ്ങളും വരകളുമുണ്ടെങ്കിലും മൂർത്തമായ ഒരു ദൃശ്യാനുഭവം നിവേദിക്കുവാൻ അയ്യപ്പന് കഴിയാതെ പോകുന്നു. കവിതകൾ അനിവാര്യമായ ചില ശിഥിലതകളിൽ ചെന്നു ചാടുന്നതായിരിക്കാം ഈ പരിമിതിയുടെ കാരണം'[4]. ഒരു കാര്യത്തെയും മുഴുവനായി അവതരിപ്പിക്കാൻ അയ്യപ്പന് സാധിക്കില്ല അപ്പോഴേയ്ക്കും കവിതയിൽ അടുത്തപ്രശ്നം ഉന്നയിക്കുകയായി അതാണെങ്കിൽ തൊട്ടടുത്ത വാക്കുകളുമായോ ആശയവുമായോ മിക്കവാറും ബന്ധം പുലർത്താറില്ല എന്നാൽ ഈ വാക്കുകൾക്കെല്ലാം ആശയങ്ങൾക്കെല്ലാം ഒരു നിലവിളിയുടെ സ്വരം ഉണ്ട് അതാണ് പരസ്പരബന്ധമില്ലെന്ന് തോന്നിപ്പിച്ചിട്ടും അർത്ഥതലം ഉൽപാദിപ്പിക്കുന്നതിന് കാരണം. കവിതവായിക്കുന്ന സഹൃദയൻ ഈ ആശയങ്ങളുടെ നിലവിളിയിലൂടെ സഞ്ചരിക്കുമ്പോഴാണ് അയാൾക്ക് അയ്യപ്പന്റെ കവിത ആസ്വാദ്യമാകുന്നത്.

തുലാസ്സിന്റെ

തട്ടുകളിൽ

ഒരു സിംഹം

ഒരു മുയൽ

വിലങ്ങുവച്ച കൈകൾക്ക്

വിവേകത്തിന്റെ വിചാരണ.

ഇവിടെ തുലാസ്സിന്റെ തട്ടുകൾ നീതി വ്യവസ്ഥയെക്കുറിക്കുന്നു. സിംഹവും മുയലും പ്രതിയും വാദിയുമാണ്. വിലങ്ങുവച്ച കൈകൾക്ക് നിയമത്തിലൂന്നിയ വിചാരണ. വിവേകം നിയമത്തിന്റെ സ്വഭാവമാണ്. ഈ വരികളിലൂടെ പ്രതിയും വാദിയും അഭിമുഖീകരിക്കുന്ന സാമൂഹ്യവും വ്യക്തിപരവുമായ ആന്തരിക വ്യഥകളും മറ്റും സ്വഭാവികമായി പ്രതീക്ഷിക്കുന്ന വായനക്കാരനു മുന്നിൽ അടുത്തവരികൾ മുൻവരികളുമായി യാതൊരുബന്ധവും ഇല്ലാത്തതാണ്. അതാണെങ്കിൽ

തുളസിച്ചെടി പട്ടുപോയ്

ചെരാതിൻതിരികരിഞ്ഞു

ആന ചെരിഞ്ഞു മണ്ണിൽ

പാപ്പാനിന്നിടവപ്പാതി

എന്നാണ് ഇത് സവർണ്ണ ജീവിതത്തിന്റെ ദു:ഖങ്ങളാണ് തുളസി, ചെരാത്, ആന തുടങ്ങിയവയുടെ നാശം വിഷമിപ്പിക്കുന്നത് സവർണ്ണനെയാണ് അപ്രകാരം സവർണ്ണ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ഈ വസ്തുതകൾ മുൻ വരികളിൽപ്പറഞ്ഞ തുലാസ്സുമായും സിംഹവുമായും മുയലുമായും ബന്ധപ്പെടുന്നില്ല. ഒരേ കവിതയിൽ അടുത്തടുത്തു വരുന്ന ഈ വരികൾ തികച്ചും വ്യത്യസ്തമായ ലോകങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. പ്രതിയും വാദിയും തുളസിച്ചെടി നശിച്ചതിനെയും ചെരാത് കരിഞ്ഞതിനെയും ആന ചെരിഞ്ഞതിനെയും കുറിച്ച് പരിതപിക്കാറില്ല. ഇനി ഒരു സാധ്യതയുള്ളത് ലോകത്തിന്റെ അധികാരസ്വഭാവം കണ്ട് മടുത്ത് കവി തുളസിയും ചെരാതും നിർമ്മിച്ചു എന്നു വിലയിരുത്തപ്പെടുന്ന ഒരു നല്ലകാലം അവസാനിച്ചു എന്നും അതുകൊണ്ട് തുലാസ്സിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു എന്നും കരുതാം. ഇപ്രകാരം മാത്രമാണ് ഈ വരികൾക്ക് തമ്മിൽ ബന്ധം. ആന ചെരിഞ്ഞത് കവിയ്ക്ക് വേദനയാകുന്നത് തന്റെ അബോധത്തിലുള്ള ലൈംഗികത ഇറയ്ക്കിവെയ്ക്കാൻ ഇടമില്ലാത്തതുകൊണ്ടുമാത്രമാണ്. കവിയുടെ ലൈംഗികത എല്ലായ്പ്പോഴും കവിതയിൽ മദം പൊട്ടി നിൽക്കുന്ന ഒരാനയാണെന്ന് ഈ വരികൾ സാക്ഷ്യപ്പെടുത്തുന്നു.

'പെണ്ണൊരുത്തിക്ക് മിന്നു കൊടുക്കാത്ത

കണ്ണുപൊട്ടിയ കാമമാണിന്നു ഞാൻ'.

കണ്ണുപൊട്ടിയ കാമമാണ് താനെന്ന് കവി തന്നെ പറയുന്നുണ്ട് ആന എന്ന സെക്സ് സിംബൽ ഈ കവിതയിൽ കയറിവരുന്നതും അത് ചെരിഞ്ഞതായി കവിയുടെ അബോധം പ്രഖ്യാപിക്കുകയും ചെയ്യുന്നതിനു കാരണം തന്റെ സഫലമാകാത്ത ലൈംഗിക ജീവിതത്തെ ദമനം ചെയ്യുന്നതുകൊണ്ടും അതിന് ഇനി ആഘോഷിക്കാൻ അവസരങ്ങളില്ല എന്ന വേദനയിൽ നിന്നുമാണ്. അതുകൊണ്ടുതന്നെ ആ വികാരങ്ങളുടെ പാപ്പാനായ കവിയ്ക്ക് ഇനി കഷ്ടനഷ്ടങ്ങളുടെ ഇടവപ്പാതിയാണ് അതാണെങ്കിൽ വെറുമൊരു ഇടവപ്പാതിയല്ല.

ഇരുകണ്ണിൽ

ഇടവപ്പാതി

ഇടനെഞ്ചിൽ

ഇടവപ്പാതി

ഇങ്ങനെ അതിന്റെ കാഠിന്യവും അദ്ദേഹം കുറിക്കുന്നുണ്ട്. ഇതൊക്കെ തനിക്കെന്തുകൊണ്ട് സംഭവിച്ചു എന്ന് കവി അടുത്തവരികളിൽ വ്യക്തമാക്കുന്നു അതും അബോധത്തിന്റെ പ്രവർത്തനം കൊണ്ടാണ് സംഭവിക്കുന്നത്.

വെറും വാക്കുകേട്ടൊരുത്തി
പുഴയിലൂടൊലിച്ചു പോകേ

കവിയുടെ സത്യസന്ധമായ വാക്ക് കേൾക്കാതെ വെറും വാക്ക് കേട്ട പെൺകുട്ടി ചതിയിലകപ്പെട്ട് മരണത്തിന് വിധേയയായി പുഴയിലൂടെ ഒലിച്ചുപോകുന്നു. ഇവിടെ തന്റെ താല്പര്യങ്ങൾക്ക് വഴങ്ങാത്തവർക്ക് കവിയുടെ അബോധം മരണം വിധിക്കുന്നു. അവൾ തന്നെ നിരാകരിച്ചു എന്നു മാത്രമല്ല ചതിക്കുക കൂടി ചെയ്തെന്ന് കവി പുലമ്പുന്നു.

മാണിക്യത്തിൻ, കല്ലെനിക്കു
തേനിൽ ചാലിച്ചു തന്നവൾ
നാഗത്തിന്റെ വിഷം തീണ്ടി
ഞാനിതാ–
കറുത്തുവല്ലോ

എന്ന് കവി പറയുന്നു. ഇവിടെ താൻ കറുത്തവനായിപ്പോയതാണ് തന്നെ ചതിക്കുവാനും നിരാകരിക്കുവാനും കാരണമെന്ന് കവി പറയുന്നത് തന്റെ ദമനം ചെയ്യപ്പെട്ട കീഴാള ബോധത്തിൽ നിന്നാണ്. കവി എവിടെയൊക്കെയോ ദമനം ചെയ്തുവച്ച കാര്യങ്ങൾ കവിതയിലൂടെ പുറത്തു ചാടുകയാണ്. ഇത്തരത്തിലുള്ള ദമനത്തിന്റെ പുറത്തുചാടലാണ് മിക്ക കവിതകളിലും ഒരു ഏകോപനമില്ലാതെ കാര്യങ്ങൾ പറയുന്നതിന് ഒരു കാരണം. സവർണ്ണരോടുള്ള ആരാധനയും അവരുടെ ആഢ്യസങ്കൽപ്പങ്ങളെ തൊട്ടുകൊണ്ട് ജീവിക്കാനുള്ള ആഗ്രഹങ്ങളും കവിയ്ക്കുണ്ട് അതിൽ നിന്നാണ് തുളസിയും ചെരാതും നശിക്കുന്നതിൽ കവി അബോധപരമായി നിലവിളിക്കുന്നത്. തന്റെ സ്വത്വബോധത്തെക്കുറിച്ച് ധാരണയില്ലാത്ത കവിയാണ് അയ്യപ്പൻ.

ഭയത്തിന്റെ മരപ്പൊത്തിൽ
സർപ്പമുണ്ടെന്നറിയാതെ
പാവമൊരു പച്ചക്കിളി
കൂടുകൂട്ടാൻപോയൊളിച്ചു.

തന്നെ ചതിച്ചു പോയവൾക്ക് അബദ്ധം പറ്റിയെന്ന് കവി പറയുന്നു. കാരണം

അവൾ കൂട്കൂട്ടാൻ പോയ ആ മരപ്പൊത്തിൽ സർപ്പമുണ്ടെന്നാണ് കവി പറയുന്നത്. ഇവിടെ സർപ്പം എന്താണെന്ന് മുൻവരികളിലൂടെ വ്യക്തമാക്കപ്പെടുന്നു. കവിയുടെ മനസ്സിൽ ഉണർന്നിരിക്കുന്നതും എന്നാൽ മറ്റുള്ളവരിലുണ്ട് എന്ന് കവി ആരോപിക്കുന്നതുമായ ലൈംഗികതയാണിത്. ഇങ്ങനെ തന്റെ പൂർത്തികരിക്കപ്പെടാത്ത ലൈംഗികത മറ്റുള്ളവരിൽ ആരോപിച്ചു അത് നിലവിളിയാക്കി പരിവർത്തിപ്പിച്ചും തന്റെ ലൈംഗികോർജ്ജത്തെയാണ് മിക്കവാറും കവി കവിതയാക്കി മാറ്റുന്നത് ഒരു പക്ഷേ സ്വതന്ത്രവും സാമൂഹ്യ അംഗീകാരമുള്ളതുമായ ഒരു ലൈംഗിക ജീവിതം ഉണ്ടായിരുന്നുവെങ്കിൽ അയ്യപ്പൻ എന്ന കവിയുടെ കവിത ആദ്യമധ്യാന്തപ്പൊരുത്തമുള്ളതായി തീരുമായിരുന്നു. ഒരു പക്ഷേ ഇപ്പോൾ അയ്യപ്പൻ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇല്ലാത്ത അവസ്ഥ ജീവിതത്തിൽ ഉണ്ടാവുകയാണെങ്കിൽ അയ്യപ്പന്റെ കവിതകളുടെ എണ്ണം വളരെയധികം കുറഞ്ഞുപോയേനെ.

കറുപ്പ് എന്ന കവിതയിൽ സമൃദ്ധമായ ബിംബങ്ങളുടെ ഉപയോഗം കാണാം. സിംഹം, മുയൽ, തുലാസ്സ് തുടങ്ങിയ ബിംബങ്ങളെകൊണ്ട് വായനക്കാരന്റെ മനസ്സിനെ അസ്വസ്ഥമാക്കുന്ന ഒരു ലോകം സൃഷ്ടിക്കാൻ അയ്യപ്പന് സാധിക്കുന്നുണ്ട്. അവ്യക്തമായ ബിംബങ്ങളാണ് പലതും എന്ന് തോന്നുമെങ്കിലും കവിയുടെ അബോധം ബിംബങ്ങളെ പരസ്പരം വിശാലമായ അർത്ഥത്തിൽ കോർത്തിണക്കുന്നുണ്ട് എന്നാൽ പലപ്പോഴും തന്റെ ആശയങ്ങളെ ഒരു ദിശയിലൂടെ കടത്തിവിടുന്നതിനു മുൻപേ അവ മറ്റൊരു വഴിയിലൂടെ കടന്നു പോകുന്നതു കാണാം.

**കുറിപ്പുകൾ**

1. പത്മകുമാർ മുഞ്ഞിനാട്, *ശിഥില ഛന്ദസ്സിന്റെ സമുദ്രസ്നാനങ്ങൾ, പടയാളി സമയം മാസിക, ഓണപ്പതിപ്പ്, 2008*, പുറം –162
2. പാറക്കടവ് പി. കെ., *അയ്യപ്പന്റെ വർത്തമാനങ്ങൾ, മുറിവേറ്റ ശീർഷകങ്ങൾ, പെൻബുക്സ്, ആലുവ, 2000,* പുറം –713
3. ഷാജി. കെ. എൻ., *ഒസ്യത്തിൽ ഇല്ലാത്ത രഹസ്യങ്ങൾ, മുറിവേറ്റ ശീർഷകങ്ങൾ, പെൻബുക്സ്, ആലുവ, 2000*, പുറം –684
4. സുരേഷ് പേങ്ങാട്, *വാസ്തുശില്പങ്ങളുടെ കാനനം, മുറിവേറ്റ ശീർഷകങ്ങൾ, പെൻബുക്സ്, ആലുവ, 2000*, പുറം –640

**നിഗമനങ്ങൾ**

ഈ പഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള നിഗമനങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

മലയാള കവിതയിൽ വ്യത്യസ്തമായ ശബ്ദമായ് നിലയുറപ്പിച്ച കവിയാണ് എ. അയ്യപ്പൻ. നിലനിൽക്കുന്ന കാവ്യരീതിയിൽ നിന്ന് വ്യതിരിക്തമായ രൂപഭാവങ്ങളാണ് അയ്യപ്പന്റെ കവിതകൾക്കുള്ളത്.

ബിംബങ്ങളുടെ സമൃദ്ധമായ ഉപയോഗത്തിലൂടെ അർത്ഥത്തിന്റെ വിവിധതലങ്ങൾ സൃഷ്ടിച്ചു എന്നതാണ് അയ്യപ്പന്റെ കവിതയുടെ വലിയൊരുനേട്ടം. ജീവിതത്തിന്റെ തനിമ ആവിഷ്ക്കരിക്കാൻ അയ്യപ്പനു സാധിച്ചു.

വ്യക്തിയുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും സ്വപ്നങ്ങളും തകർന്നു പോകുന്നതിന്റെ മാനസിക വ്യാപാരങ്ങളാണ് അയ്യപ്പൻ കവിതയിൽ കാണുന്നത്. ചിതറിക്കിടക്കുന്ന ബിംബങ്ങളിലൂടെ ശക്തമായി ജീവിതാവിഷ്ക്കാരം നടത്താൻ അയ്യപ്പന് സാധിച്ചിട്ടുണ്ട്.

ഫ്രോയ്ഡ് അവതരിപ്പിക്കുന്ന, ഈഗോയുടെ ഭാഗമായുണ്ടാകുന്ന ഞാനെന്ന ഭാവവും സ്വയം പരിഹാസ്യനാകുന്ന മറുഭാഗവും കവിയുടെ വ്യക്തിത്വത്തിന്റെ ദ്വന്ദഭാവങ്ങളാണ്. ഈ രണ്ടു മുഖങ്ങളും കവിതയിൽ ആവിഷ്ക്കരിക്കപ്പെടുന്നതോടെ ജീവനുള്ള സംവേദനം സഹൃദയന് നൽകാൻ അയ്യപ്പന്റെ കവിതകൾക്ക് സാധിക്കുന്നു.

ജീവിതാവസ്ഥകളിൽ നിന്ന് ഒളിച്ചോടാനുള്ള പ്രവണത കവിയ്ക്കുണ്ട്. അതുകൊണ്ടുതന്നെ ഒരു കവിയ്ക്ക് അത്യാവശ്യമായ ഏകാന്തതയെപ്പോലും ഭയപ്പെടുന്ന ആളാണ് കവി. മാത്രമല്ല മരണഭയവും അദ്ദേഹത്തിന്റെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. കുടുംബം എന്ന സംവിധാനത്തിന്റെ ഇല്ലായ്മ, ചിട്ടവട്ടങ്ങളിൽ ഒതുങ്ങി ജീവിക്കാനുള്ള ആഗ്രഹം ഇത് ലഭിക്കാത്തതിന്റെ നിഷേധമാണ് അയ്യപ്പന്റെ അലഞ്ഞു തിരിഞ്ഞുള്ള ജീവിതത്തിന്റെ പ്രേരണ.

വീട്, ദൈവം, രാഷ്ട്രീയം, തൊഴിലിടം തുടങ്ങിയവ നൽകുന്ന അഭയം ലഭിക്കാതെ പുറന്തള്ളപ്പെട്ട വ്യക്തിത്വമാണ് അയ്യപ്പന്റേത്. അതുകൊണ്ടുതന്നെ അഭയമന്വേഷിച്ചുള്ള അബോധത്തിന്റെ അലച്ചിലാണ് കവിയുടെ കവിതയും ജീവിതവും.

സമൂഹത്തിന്റെ അവസ്ഥയെക്കുറിച്ച് കവിയുടെ മനസ്സിൽ രോഷം ഉണ്ടെങ്കിലും കവിതയിൽ അത് പൊട്ടിത്തെറിക്കുന്നില്ല. വ്യക്തിപരമായി കവി നിലനിൽപ്പിനുവേണ്ടി പൊരുത്തപ്പെടലിനു തയ്യാറാവുകയാണ്.

കവിയുടെ ലൈംഗികത വളരെയധികം ദമനത്തിനു വിധേയമായതാണ് അതിന്റെ

പുറത്തുചാടൽ കവിതകളിൽ നിറയുന്നു.

സ്വന്തം സ്വത്വത്തെക്കുറിച്ച് ബോധമോ ധാരണയോ ഇല്ലാത്ത കവിയുടെ അബോധത്തിൽ ജനിക്കുന്ന ബിംബങ്ങളിലൂടെയാണ് കവിതയുടെ ആശയസംവേദനം സാധിക്കുന്നത്.

സ്വന്തം നഷ്ടങ്ങളെ കവിതയിൽ ആഘോഷമാക്കി മാറ്റുന്നത് കവിയുടെ ഇഷ്ടങ്ങളിലൊന്നാണ്. ആ നഷ്ടങ്ങളെ സഹൃദയർക്കു മുന്നിൽ അവതരിപ്പിച്ച് കയ്യടിനേടുക എന്നത് അയ്യപ്പന്റെ പൊതു രീതിയാണ്.

## അനുബന്ധം

## കൃതികൾ

1. ബലിക്കുറിപ്പുകൾ (1982)
2. ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ (1985)
3. പ്രവാസിയുടെ ഗീതം (1989)
4. ബുദ്ധനും ആട്ടിൻകുട്ടിയും (1990)
5. മാളമില്ലാത്ത പാമ്പ് (1992)
6. കറുപ്പ് (1995)
7. വെയിൽ തിന്നുന്ന പക്ഷി (1997)
8. ജയിൽ മുറ്റത്തെ പൂക്കൾ (1998)
9. കണ്ണ് (1999)
10. ഗ്രീഷ്മവും കണ്ണീരും (2000)
11. മുക്തഛന്ദസ്സ് (2000)
12. മുളന്തണ്ടിന് രാജയക്ഷ്മാവ് (2005)
13. കൽക്കരിയുടെ നിറമുള്ളവർ (2006)
14. വെയിൽ മറന്നവൾ (2007)
15. മുറിവേറ്റ ശീർഷകങ്ങൾ (കവി, കവിത, സമൂഹം) (2000)

## ഗ്രന്ഥസൂചി


അച്യുതനുണ്ണി, ചാത്തനാത്ത്, *സാഹിത്യഗവേഷണം പ്രബന്ധ രചനയുടെ തത്വങ്ങൾ,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1981.

അപ്പുക്കുട്ടൻ മാമ്പുഴ, *നവീന വിമർശനം മലയാളത്തിൽ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1997.

അയ്യപ്പൻ, എ., *ബുദ്ധനും ആട്ടിൻ കുട്ടിയും,* ലിപി പബ്ലിക്കേഷൻ, കോഴിക്കോട്, 2006.

-----------------, *വെയിൽ തിന്നുന്ന പക്ഷി,* ഡി. സി. ബുക്സ്, കോട്ടയം, 1997.

-----------------, *കണ്ണ്,* കറന്റ് ബുക്സ്, തൃശ്ശൂർ, 1999.

-----------------, *കൽക്കരിയുടെ നിറമുള്ളവർ,* ഡി. സി. ബുക്സ്, തൃശ്ശൂർ, 2006.

-----------------, *മുളന്തണ്ടിന് രാജയക്ഷ്മാവ്,* ഡി, സി. ബുക്സ്, തൃശ്ശൂർ, 2005.

--------------, *വെയിൽ മറന്നവൾ,* റയിൻബോ ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2007.

-----------------, *മുറിവേറ്റ ശീർഷകങ്ങൾ,* പെൻ ബുക്സ്, ആലുവ, 2000.

-----------------, *കറുപ്പ്,* മൾബെറി പബ്ലിക്കേഷൻസ്, കോഴിക്കോട്.

-----------------, *ഗ്രീഷ്മവും കണ്ണീരും,* മൾബെറി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2000.

-----------------, *മുറിവേറ്റ ശീർഷകങ്ങൾ,* പെൻ ബൂക്സ്, ആലുവ, 2000.

അഹമ്മദ്, കെ. എൻ, *സിഗ്മണ്ട് ഫ്രോയ്ഡ്,* പി. കെ. ബ്രദേഴ്സ്, കോഴിക്കോട്, 1965.

കുട്ടികൃഷ്ണ മാരാർ, *ഭാരത പര്യടനം,* മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്, 1983.

ജെയിംസ്, ടി., ആന്റണി, *ഡോ. സ്കിസോഫ്രിനിയ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ,* കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

ജോർജ്ജ്, കെ. എം., *ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* ഡി. സി. ബുക്സ്, കോട്ടയം, 1998.

നായർ, പി. എ. ജി., *മന:ശാസ്ത്ര നിഘണ്ടു,* സമസ്യ ബുക്സ്, തിരുവല്ല, 1978.

പണിക്കർ, കെ. ജി. കെ., *സാമൂഹ്യ മന:ശാസ്ത്ര പ്രവേശിക,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984.

പ്രഭാകരൻ, എൻ., *മനസ്സിന്റെ താളങ്ങൾ താളക്കേടുകൾ,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982.

പരമേശ്വരൻ, എരുമേലി, *മലയാള സാഹിത്യ ചരിത്രം കാലഘട്ടങ്ങളിലൂടെ,* കറന്റ് ബുക്സ്, തൃശ്ശൂർ, 1998.

ഫ്രോയിഡ്, സിഗ്മണ്ട്, *സ്വപ്നങ്ങളുടെ അപഗ്രഥനം,* വിവ. ജയൻ, ജി., ഇന്ത്യൻ എതിയിസ്റ്റ് പബ്ലിഷേഴ്സ്, 1990.

---------*സൈക്കോ അനാലിസിന്റെ ചരിത്രം,* വിവ. ജയൻ, ജി., ഇന്ത്യൻ എതിയിസ്റ്റ് പബ്ലിഷേഴ്സ്, 1990.

മുഹമ്മദലി, എൻ. എം., *ഫ്രോയിഡിന്റെ ജീവിതകഥ,* കറന്റ് ബുക്സ്, കോട്ടയം, 2001.

യതി, നിത്യചൈതന്യ, *നളിനി എന്ന കാവ്യ ശില്പം,* ഡി. സി. ബുക്സ്, കോട്ടയം, 1975.

------- *ഭാരതീയ മന:ശാസ്ത്രത്തിന് ഒരാമുഖം,* ഡി, സി. ബുക്സ്, കോട്ടയം, 1988.

------- *മന:ശാസ്ത്രവും മന:ശാസ്ത്രജ്ഞൻമാരും,* കറന്റ് ബുക്സ്, കോട്ടയം, 1991.

-------, *സ്വപ്നം*, നാലപ്പാട്ട് ബുക്സ്, പുന്നയൂർക്കുളം, 1996.

രാമകൃഷ്ണൻ, ദേശമംഗലം, *ഡോ. കവിയുടെ കലാതന്ത്രം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.

ലീലാവതി, എം., *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ – ഒരു പഠനം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1993.

-------, *കവിതയും ശാസ്ത്രവും,* സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം,

1969.

------------------, *കാവ്യരതി,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1998.

------------------, *മലയാള കവിതാ സാഹിത്യ ചരിത്രം,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1980.

വിജയൻ, എം. എൻ., *കവിതയും മന:ശാസ്ത്രവും,* മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1987.

------------------, *കാഴ്ചപ്പാട്,* പൂർണ്ണ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1992.

------------------, *ചിതയിലെ വെളിച്ചം,* പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1981.

------------------, *പ്രബന്ധങ്ങൾ പ്രഭാഷണങ്ങൾ സ്മൃതി ചിത്രങ്ങൾ – സംഭാഷണങ്ങൾ,* ബോധി പബ്ലിഷേഴ്സ്, കോഴിക്കോട്, 1993.

------------------, *മരുഭൂമികൾ പൂക്കുമ്പോൾ,* കലാക്ഷേത്രം, കാസർക്കോട്, 1994.

------------------,*ശീർഷാസനം,* അകം സമിതി, തലശ്ശേരി, 1989.

വിജയൻ, എൻ., *മനോരോഗി വിജ്ഞാന പ്രവേശിക,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ശാന്തകുമാർ, എസ്., *അധികാരം ഒരു മന:ശാസ്ത്ര പഠനം,* പി. കെ. ബ്രദേഴ്സ്, കോഴിക്കോട്, 1982.

സ്റ്റാൻലി, ജോസ്, *ഫ്രോയ്ഡിന്റെ മന:ശാസ്ത്രം,* ഡി. സി. ബുക്സ്, കോട്ടയം, 1983.

**മാതൃകാ പ്രോജക്റ്റ് തയ്യാറാക്കിയത്:** **ഡോ. രാജുക്കുട്ടൻ പി. ജി.**

**അസി. പ്രൊഫസർ, മലയാളം**

**വിദൂര വിദ്യാഭ്യാസ വിഭാഗം**

**കാലിക്കറ്റ് സർവ്വകലാശാല**

**വിശദവിവരങ്ങൾക്ക്: sdebamalayalam@uoc.ac.in**